# ജി.വി.എച്ച്.എസ്.എസ്.മടപ്പള്ളി



## മാഗസിൻ–2019

# ഞാറ്



Little KITEs

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

# ആമുഖം

കുട്ടികളെ വിവര വിനിമയ സാങ്കേതിക വിദ്യയിൽ പ്രാവീണ്യമുള്ളവരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യുക്കേഷൻ ഒൻപതാം ക്ലാസ്സിലെ കുട്ടികൾക്കായി 2018 മുതൽ നടപ്പിലാക്കിയ പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ. ടി. ക്ലബ്ബ്. ഒരു സ്കൂളിൽ കുറഞ്ഞത് ഇരുപത് അംഗങ്ങളും പരമാവധി നാൽപ്പതു പേർക്കുമാണ് അംഗത്വം നൽകുന്നത്. നമ്മുടെ സ്കൂളിലും ലിറ്റിൽകൈറ്റ് പ്രവർത്തിക്കുന്നു. ഭാഷാകമ്പ്യൂട്ടിംഗ്, ആനിമേഷൻ, ഹാർഡ്വെയർ, പ്രോഗ്രാമിംഗ്, ഇലക്ട്രോണിക്സ്, സൈബർ സുരക്ഷയും ഇന്റർനെറ്റും തുടങ്ങിയ മേഖലകളിലാണ് പരിശീലനം. വിദ്യാർത്ഥികൾക്ക പരിശീലനം നൽകുന്ന–തിനായി രണ്ട് അധ്യാപകർ ഉണ്ടാകും കൈറ്റ് മാസ്റ്ററും മിസ്ട്രസും. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ്വെയറും ഇലക്ട്രോണിക്സും എന്നീ മേഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി ആരംഭിച്ച ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്ന പദ്ധതിയാണ് പിന്നീട് ലിറ്റിൽ കൈറ്റ്സ് ആയി മാറിയത്. സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്. 2018 ജനുവരി 22–ന് കേരളത്തിന്റെ മുഖ്യമന്ത്രി പിണറായി വിജയൻ ലിറ്റിൽ കൈറ്റ്സിന്റെ സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിച്ചു.

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ ഒരു വർഷത്തെ പ്രവർത്തനങ്ങളിൽ സുപ്രധാനമായ ഒന്നാണ് ജിറ്റൽ സ്കൂൾ മാഗസിൻ തയ്യാറാക്കൽ. അതിന്റെ ഭാഗമായി ഓപ്പൺ ഓഫീസ് റൈറ്റർ , ജിമ്പ് ,
ഇങ്ക്സ്കേപ്പ് തുടങ്ങി സോഫ്റ്റ് വെയറുകൾ ഉപയോഗപ്പെടുത്തി അവർ തയ്യാറാക്കിയതാണ് ഈ മാഗസിൻ.................

# CONTENTS

# ഉള്ളടക്കം


1.ആശംസകളോടെ ........................................................ 4
2.കാരക്കാടിന്റെ ചരിത്രത്തിലേക്കൊരു എത്തിനോട്ടം......... 5
3.അറക്കൽ ക്ഷേത്ര ഐതിഹ്യം........................................ 8
4.വാഗ്ഭടാനന്ദൻ ........................................................ 9
5.സ്കൂൾ ലോർ (School Lore) ......................................... 11
6 കവിതകൾ.................................................................. 14
Mother.............................................................. 14
Father.............................................................. 14
സ്നഹം.............................................................. 15
അമ്മ.............................................................. 15
എന്റെ അച്ഛൻ.............................................................. 16
നന്മയുടെ പൂക്കൾ നിരിയട്ടെ.................................... 16
ഋതുക്കൾ വരച്ചത്.................................................. 17
I am.............................................................. 18
Inclination.............................................................. 20
My feel for love.................................................... 21
7.കഥകൾ ................................................................... 22
Krishna & Kuchela(True friendship)..................... 22
പണവും മാനവും.................................................. 23
നല്ലവൻ.............................................................. 25
കൃഷിക്കാരനും അഹങ്കാരിയും.................................... 26
Permission.............................................................. 27
അറിവ്.............................................................. 28
8.കേരളം പ്രളയാനന്തരം.................................................. 29
9.നവ കേരളസൃഷ്ടിക്കായ്................................................. 30
10.ദിനാചരണങ്ങൾ.................................................. 32
പ്രനേശനോത്സവം.................................................. 32
വായനാ ദിനം.................................................. 33
വായനാ പക്ഷാചരണം.............................................. 34
ഡോക്യു ഡ്രാമ.................................................. 35
യോഗ ദിനം.................................................. 37
ലഹരി വീരുത്ധ ദിനം.............................................. 38
ബഷീർ അനുസ്മരണം.............................................. 39
അധ്യാപക ദിനം.................................................. 39
11.ക്ലബ്ബ് പ്രവർത്തനങ്ങൾ.................................................. 40
ജെ.ആർ.സി.................................................. 40
ലിറ്റിൽ കൈറ്റ്സ്.................................................. 40
എസ്.പി.സി.................................................. 41
ഹരിതസേന.................................................. 50
12.വിവിധ പദ്ധതികൾ.................................................. 51
13.ഭൗതിക സൗകര്യങ്ങൾ.................................................. 56
14.നേട്ടങ്ങൾ.................................................. 58
15.കുട്ടികൾ വരച്ച ചിത്രങ്ങൾ.................................................. 66
16.പ്രളയം ഒരു കൈത്താങ്ങ്.................................................. 67
17.നന്ദിയോടെ......ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ...................... 68

# ആശംസകളോടെ....



പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം വിദ്യാഭ്യാസരംഗത്ത് വലിയ മാറ്റങ്ങളാമ് ഉണ്ടാക്കിയിരിക്കുന്നത്. ക്ലാസ് മുറികളെ ലോകത്തോളം വികസിപ്പിക്കുന്ന സാധ്യതകൾ തുറന്നുകൊണ്ട് നാം ഹൈടെക്ക് യുഗത്തിലേക്ക് കടന്നിരിക്കുന്നു. കണ്ണഞ്ചിപ്പിക്കുന്ന അറിവിന്റെ മഹാ പ്രപഞ്ചം എല്ലാ കുട്ടികളിലേക്കും എത്തിക്കാനുള്ള വിദ്യാർഥി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ് . വിവര സാങ്കേതിക വിദ്യയുടെ ഈ വിശാലമായ ആകാശത്ത് സ്വതന്ത്രമായി വിഹരിക്കുന്ന "കുട്ടിപ്പട്ടാളങ്ങളാണ്"നിങ്ങൾ . ലിറ്റിൽ കൈറ്റ്സിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും ഹൃദയപൂർവ്വ ആശംസകൾ.............

ഹെഡ് മാസ്റ്റർ
ജി.വി.എച്ച്.എസ്.എസ് മടപ്പള്ളി



# കാരക്കാടിന്റെ ചരിത്രത്തിലേക്കൊരു എത്തിനോട്ടം......

നൂറ്റാണ്ടുകളായി അധഃസ്ഥിതരായി കഴിഞ്ഞുപോന്ന മലബാറിലെ മീൻപിടിത്ത സമുദായങ്ങൾക്ക് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലാണ് ഒരു വിമോചകൻ ഉണ്ടാകുന്നത് (1869–1931). കോഴിക്കോട്ടെ ഒരു അരയകുടുംബത്തിൽ ജനിച്ച വലിയവീട്ടിൽ 'ഗോവിന്ദൻ '.മദ്രാസ് ക്രിസ്ത്യൻ കോളേ-ജിൽ നിന്നും ബി.എ പാസായ ഗോവിന്ദൻ 1894 ൽ ഇരുപത്തിഞ്ചാമത്തെ വയസ്സിൽ മദ്രാസ് സൂപ്രണ്ടിന്റെ പേഴ്സണൽ അസിസ്റ്റന്റയി നിയമിക്കപ്പെട്ടു .ഈ സ്ഥാനം 1908 വരെ തുടർന്നു .മ്യൂസിയം സൂപ്രണ്ട് സർ "ഫ്രഡറിക് നിക്കോൾ സൺ" 1907 ൽ സ്ഥാപിച്ച " മദ്രാസ് ഫിഷറീസ് ബ്യൂറോ"ആണ് പിൽക്കാലത്ത് മദ്രാസ് ഫിഷറീസ് വകുപ്പായി വികസിച്ചത്.1912–13 വർഷങ്ങളിൽ മദ്രാസ് ഗവൺമെന്റ് ജർമനി ,നോർവെ എന്നി യൂറോപ്യൻ രാജ്യങ്ങളിലെ മത്സ്യബന്ധന സമ്പ്രദായങ്ങൾ പഠിക്കാൻ ഗോവിന്ദനെ അയച്ചു. പഠന പര്യടനം കഴിഞ്ഞുവന്ന ഗോവിന്ദൻ അസി:ഡയക്ടർ ഒഫ് ഫിഷറീസ് ആയി നിയമിതനായി.

നിക്കോൾസൺന്റെയും ഗോവിന്ദന്റെയും ശ്രമഫലമായി മദ്രാസ് ഗവൺമെന്റ് മീൻപിടിത്തക്കാർക്കായി ഒരു സാമൂഹിക സാമ്പത്തിക പരിപാടി ആരംഭിച്ചു .ഇതിന്റെ മുഖ്യ ഇനങ്ങൾ വിദ്യാഭ്യാസം , സഹകരണ പ്രസ്ഥാനം, മധ്യവർജ്ജനം എന്നിവയായിരുന്നു.ഈ പദ്ധതിയുടെ അമരക്കാരനായിരുന്ന ഗോവിന്ദൻ.തികഞ്ഞ സമുദായ സ്നേഹിയായിരുന്ന ഗോവിന്ദൻ മീൻപിടിത്തക്കാരുടെ ഇടയിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിന്റെ ആദ്യപടിയായി മലബാറിന്റെ കടൽത്തീര പ്രദേശങ്ങളിൽ എട്ട് ഫിഷറീസ് സ്കൂളുകൾ സ്ഥാപിച്ചു. അതിലൊന്നായിരുന്നു 1920 ൽ മടപ്പള്ളിയിൽ സ്ഥാപിതമായ സ്കൂൾ . ഫിഷറീസ് സ്കൂളുകളിലെ അധ്യാപകർക്ക് ഫിഷറീസ് സയൻസിൽ പരിശീലനം നൽകാനായി 1919 ൽ തന്നെ കോഴിക്കോട്ട് ഒരു ഫിഷറീസ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടും സ്ഥാപിതമായിരുന്നു. ഇവിടെ പരിശീലനം നേടിയ അനേകം പേർ മടപ്പള്ളി സ്കൂളിൽ അധ്യാപകരായിരുന്നിട്ടുണ്ട് .

1918 ൽ ബ്രിട്ടീഷ് ചക്രവർത്തി ഗോവിന്ദന് "റാവു ബഹദൂർ " എന്ന ബഹുമതി നൽകി ആദരിക്കുകയുണ്ടായി. സർ നിക്കോൾ സൺ മലബാറിലെ മീൻപിടുത്തക്കാരുടെ "അമ്മയും അച്ഛനും"ആയി വിശേഷിക്കപ്പെടാറുണ്ട്. എങ്കിൽ ആ അച്ഛന്റെയും അമ്മയുടെ "മകൻ " തന്നെയായിര്ന്നു വിനീതനും, കർമ്മകുശലനുമായ റാവു ബഹദൂർ വി വി ഗോവിന്ദൻ .

1944 ൽ അദ്ധേഹം ഉദ്ധോഗത്തിൽ നിന്ന് വിരമിച്ചു.അസി:ഡയരക്ടർ(എ.ഡി) എന്ന നിലയിൽ അദ്ധേഹ-ത്തിന്റെ മടപ്പള്ളി സന്ദർശനങ്ങൾ നാട്ടുകാർക്ക് വലിയൊരു സംഭവമായിരുന്നു,എന്നത് മേജർ എൻ കുഞ്ഞാരൻ ഒരിടത്ത് സ്മരിച്ചിട്ടുണ്ട് .1920 ൽ മദ്രീസ് ഫിഷറീസ് വകുപ്പ് മടപ്പള്ളിയിൽ ഒരു ഫിഷറീസ് ഹയർ എലിമെന്ററി സ്കൂൾ സ്ഥാപിക്കുമ്പോൾ മലബാറിലെ പൊതുവെയും,മലബാറിന്റെ കടൽത്തീരത്ത് പ്രത്യേകിച്ചും നിലനിന്നിരുന്ന പിന്നോക്കാവസ്ഥയും , അക്ഷരാഭ്യാസം നേടാനുള്ള അസൗകര്യങ്ങളും കണക്കിലെടുത്തിട്ടുണ്ട് .

1881 ലെ സെൻസ് പ്രകാരം,മലബാറിലെ ജനസംഖ്യ 2,365,035 ആയിരുന്നു .കടൽത്തീരത്ത് ജനസാന്ദ്രത വളരെ കൂടുതലായിരുന്നു.ഒരു ചതുരശ്ര നാഴികയ്ക്ക് ശരാശരി 272 ജനങ്ങൾ ഉണ്ടായിരുന്നുവെങ്കിലും പൊന്നാനിയിൽ ഏറ്റവും കൂടിയ ശരാശരി 974 രേഖപ്പെടുത്തി .

1882–83 ലെ വിദ്യാർത്ഥികളിൽ 5270 പേർ പെൺകുട്ടികളായിരുന്നു. ഈ കണക്കുകൾ, വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലും നിയന്ത്രണത്തിലും പ്രവർത്തിച്ചുപോന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ രേഖകളുടെ അടിസ്ഥാന-ത്തിൽ തയ്യാറാക്കിയതാണ്. കേരളത്തിലെന്നതുപോലെ മലബാറിലും സാമാന്യ സ്ഥാപിതമായത് ഈ പ്രദേശത്തുതന്നെയുള്ള കാരക്കാട് എൽ.പി സ്കൂളിനും മടപ്പള്ളിയുടെ വിദ്യാഭ്യാസച രിത്രത്തിൽ നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട് .

കാരക്കാട്ടെയും ചോമ്പാലിലെയും സ്കൂളുകൾക്ക് പുറമെ, ഈ പ്രദേശത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിൽ നിസ്തുലമായ പങ്കുവഹിക്കാൻ കഴിഞ്ഞത്,മുട്ടുങ്ങൽ എൽ.പി സ്കൂൾ,ഊരാളുങ്കൽ ജ്ഞാനോദയം എൽ .പി സ്കൂൾ, ഊരാളുങ്കൽ വിദ്യാവിലാസം എൽ .പി സ്കൂൾ, മാടാക്കര എൽ പി സ്കൂൾ എന്നിവ.1940 കളിലും 1950 ലും പ്രസ്തുത സ്കൂളുകളിൽ നിന്ന് ധാരാളം കുട്ടികൾ മടപ്പള്ളി സ്കൂളിൽ ഉന്നതവിദ്യാഭ്യാസത്തിന്എത്തിയിരുന്നു.ഇന്നും ഒഞ്ചിയം, അഴിയൂർ ഏറാമല,ചോറോട് ഗ്രാമങ്ങളിലെ വിദ്യാർത്ഥികൾക്ക് അത്താണിയായി നിലകൊള്ളുകയാണ് മടപ്പള്ളി

ഹൈസ്കൂൾ.

മുകയരുടെയും മറ്റു പല സമുദായങ്ങളുടെയും ഇന്നത്തെ സാമൂഹിക സാമ്പത്തിക പുരോഗതിക്ക് സ്കൂൾ നൽകിയ സംഭാവന വിലമതിക്കാനാവാത്തതാണ്.ഇപ്പോൾ നാദാപുരംറോഡിൽ നിന്ന് മടപ്പള്ളി കടൽത്തീര–ത്തേക്ക് പോകുന്ന ബീച്ച് റോഡ് മടപ്പള്ളി പാലം കടന്ന് കുറേക്കൂടി മുന്നോട്ട് പോയി വലത്തോട്ട് തിരിയുന്ന ആ റോഡിൽ ഏതാണ്ട് 150 മീറ്റർ വടക്കോട്ട് നീങ്ങി റോഡിന്റെ കിഴക്കെ അരികിലുള്ള അക്കരാൽ പറമ്പിലെ ഒരു ഷെഡ്ഡിലാണ് സ്കൂൾ ആദ്യം പ്രവർത്തിച്ചത് .

റോഡിന്റെ പടിഞ്ഞാറ് ഭാഗത്ത് 1921 ൽ മുത്താച്ചി കണ്ടി രാമോട്ടി മുകയൻ പമിതു നൽകിയ നാലഞ്ച് ക്ലാസ്സ് മുറികൾക്ക് സൗകര്യമുള്ള കെട്ടിടത്തിലേക്ക് മാറി.ഈ കുടുംബക്കാരുടെ ബന്ധുക്കളായിരുന്ന ഉപ്പാലക്കൽകുടുംബം.ഇന്ന് റോഡ് നിക്കുന്ന ഭാഗത്ത് ഇരുവശവും കൈതയും ചായപ്പുൽച്ചെടിയും നിറഞ്ഞുനിൽക്കുന്ന ഇടവഴിയായിരുന്നു.

സ്കൂളിന്റെ മുൻകാല ചിത്രം



1945 മടപ്പള്ളി സ്കൂളിന്റെ ചരിത്രത്തിലെ നിർണായകമായ വർഷമായിരുന്നു.1920 ൽ സ്ഥാപിതമായ സ്കൂളിന്റെ രജതജൂബിലി.1945 ൽ വിപുലമായി ആഘോഷിക്കുകയുണ്ടായി .പണത്തിനായി ചെട്ടിയാൻകണ്ടി കുങ്കൻ മുകയൻ സഹായിച്ചിരുന്നു.

സ്കൂളിൽ വക്ക് നിർമ്മാണവും അതുകൊണ്ടുള്ള കൊട്ടനിർമ്മാണവും മറ്റൊരു പാഠ്യവിഷയമായിരുന്നു. സ്കൂളിലെ അക്വേറിയവും മ്യൂസിയവും ഭംഗിയായി സംരക്ഷിക്കപ്പെട്ടി–രുന്നുവെന്ന് രേഖകൾ വ്യക്തമാക്കുന്നു.അന്നത്തെ സ്കൂൾ ഫീസിനെ കുറിച്ച് മനസിലാക്കുന്നതും രസാവഹകമാണ്.1947–46 സ്കൂളിലെ വിദ്യാർത്ഥികലിൽ നിന്ന് ഒരു ടേമിലേക്ക് പിരിച്ച ട്യൂഷൻ ഫീസ് 1842 രൂപ 8 അണയും ആയിരുന്നു. ഫീസ് ഇനത്തിൽ 63 രൂപ 6 ആണയും റീഅഡ്മിഷൻ ഫീസ് ഇനത്തിൽ 3 രൂപ 8 അണയും പിരിച്ചിരുന്നു ഇങ്ങനെ ആകെ ഫീസ് ഇനത്തിൽ പിരിഞ്ഞുകിട്ടിയ തുക 1947 രൂപ 14 അണയായിരുന്നു.ആ വർഷം 7 വിദ്യാർത്ഥികൾക്ക് മാത്രമാണ് പകുതി ഫീസ് കൺസൻഷൻ അനുവദിച്ചിരുന്നത്. 9 വിദ്യാർത്ഥികൾക്ക് പൂർണ ഫീസ് ഇളവ് അനുവദിച്ചിരുന്നത്. ഉത്തരവ് നമ്പർ ജി.ഒ.എസ് 616,20.4.അന്ന് സ്കൂളിൽ ആകെ 425 വിദ്യാർത്ഥിക–ളുണ്ടായിരുന്നു അപ്പോൾ കൺസൻഷൻ കഴിച്ചുള്ള വിദ്യാർത്തികളിൽ നിന്ന്പിരിച്ച തുക എത്രയെന്ന് കണക്കാക്കാം

1950 കളുടെ അവസാനത്തിൽ മടപ്പള്ളിയിൽ കടലാക്രമണങ്ങളുണ്ടായപ്പോൾ പുളിമൂട്ട് കെട്ടാനായി കരിങ്കല്ലുകൾ അവിടെ എത്തിയിരുന്നു.ഈ പശ്ചാത്തലത്തിലാണ് മദ്രാസ് ഗവൺമെന്റിന്റെ ഒരു ഉത്തരവിലൂടെ 1920 ൽ മടപ്പള്ളി കടൽത്തീരത്ത് ഒരു ഫിഷറീസ് ഹയർ എലിമെന്ററി സ്കൂൾ സ്ഥാപിതമാകുന്നത്.ആദ്യമായി രജിസ്റ്റർ ചെയ്ത വിദ്യാർത്ഥി നാലുകണ്ടത്തിൽ കുഞ്ഞിരാമൻ ആയിരുന്നു.അന്ന് മടപ്പള്ളിയിൽ നൂറിൽ താഴെ കുടുംബങ്ങളേ മുകയ സമുദായത്തിൽ നിന്നുണ്ടായിരുന്നുള്ളൂ.അവിടവിടെ കുറേ മുസ്ലിം കുടുംബങ്ങൾ താമസി–ച്ചിരുന്നു.മടപ്പള്ളിയിലും ചുറ്റുപ്രദേശങ്ങളിലും പിന്നത്തെ പ്രബല സമുദായം തിയ്യരായിരുന്നു.മടപ്പള്ളിയുടെ തെക്കും കിഴക്കും പ്രദേശങ്ങളിൽ ആണ്നായർ, നമ്പ്യാർ, കുറുപ്സമുദായത്തിൽ ചിന്നിച്ചിതറി താമസിച്ചിരുന്നത്. മാച്ചിനേരിക്കുന്നിന്റെ തെക്കേച്ചെരിവിൽ ചാലിയരുടെ ആദിവാസി തെരുവ് അന്നുമുണ്ടായിരുന്നു.
സ്കൂൾഫിഷറീസ് വകുപ്പ് വക ആയതിനാലും തങ്ങളുടെ ഉന്നമ നത്തിനു വേണ്ടിയാണ് സ്കൂൾ സ്ഥാപിച്ചതെന്ന

ഒരു ബോധംമടപ്പള്ളിയിലെ മുകയരിൽ നിറഞ്ഞ്നിന്നുകൊണ്ടും സ്കൂളിന്റെആരംഭം മുതലേ പ്രമുഖരായ മുകയരേ ഈ സ്ഥാപനത്തിന്റെ നടത്തിപ്പിലും അതിന്റെ പുരോഗതിയിലും അതീവ ശ്രദ്ധ ചെലുത്തിയിരുന്നു.മടപ്പള്ളിയിലെ ചെറുവാണ്ടി ഗോപാലൻ മുകയൻ അദ്ധേഹത്തിന്റെ സ്വന്തം ചെലവിൽ സ്കൂളിനുവേണ്ടിഒരു കാന്റീൻ പണിതു നൽകിയിരുന്നു. ദൂരത്തുനിന്നുവരുന്ന കുട്ടികൾക്ക് ഇത് വലിയ ഒരു അനുഗ്രഹമായിതീർന്നു.സ്കൂളിന്റെ പുരോഗതിക്കും അതിന്റെ ഹൈസ്കൂൾ ആയി ഉയർത്തുന്നതിനും വേണ്ടി മനസ്സറിഞ്ഞ് പ്രവർത്തിച്ച അനേകം പേരുണ്ട്. .അക്കാലത്തെ മദ്രാസ് ഡെപ്യൂട്ടി സ്പീക്കർ ശ്രീമതി അമ്മെണ്ണരാജ,മന്ത്രി കുമാരസ്വാമിരാജ,എം.പി ദാമോദരൻ, എം.എൽ.എ .ഫിഷറീസ് അസി.ഡയരക്ടർ കരുണാകരമേനോൻ,ഫിഷറീസ് ഇൻസ്പെക്ടർ കെ.കുഞ്ഞോട്ടി ചന്തുമാസ്റ്റർ എ.കെ കുഞ്ഞമ്പുമാസ്റ്റർ എ.രാമോട്ടിമാസ്റ്റർഇ.രാമാമേനോൻപ.കേളുക്കുറുപ്പ്,കൃഷ്ണകുറുപ്പ്,കാരക്കാട് എ.എൽ പിസ്കൂൾ മാനേജർ കുഞ്ഞിരാമൻമാസ്റ്റർ, കേരള സെക്രട്ടറിയേറ്റിൽനിന്ന് ജോയിന്റ് സെക്രട്ടറിയായി റിട്ടയർ ചെയ്ത എൻ.ആർ പ്രഭാകരൻ,ഫിഷറീസ് ഡയറക്ടർ അബ്ബാസ് ഖലീലി ,ഐ.സി.എസ് വി.ബലറാം , വി മന്നൻ,കടത്തനാട് കെ.കൃഷ്ണരാജ മാസ്റ്റർ(പാലേരി),കുങ്കൻ മാസ്റ്റർ,കുഞ്ഞനന്തൻ മാസ്റ്റർ,എന്നിവർ അവരിൽ ചിലരാണ്. ദീർഘകാലം സ്കൂൾ ഹെഡ് മാസ്റ്റർ ആയിരുന്ന കെ.എസ് ഗോപാലപ്പിള്ളയും അല്പകാലം ഹെഡ്മാസ്റ്റർ ഇൻചാർജ് ആയിരുന്ന വി.ആർ വേലാണ്ടിയും എടുത്തുപറയത്തക്ക സേവനങ്ങൾ നൽകിയിട്ടുണ്ട്.1946 ൽ മദ്രാസ് നിയമസഭയിൽ കൊയിലാണ്ടിയെ പ്രതിധാനം ചെയ്യുകയും ,പിന്നീട് കെ.പി.സി.സി പ്രസിഡന്റ് ആവുകയും ചെയ്ത സി.കെ ഗോവിന്ദൻനായരുടെ സേവനവുംഇവിടെ എടുത്ത്പറയേണ്ടതുണ്ട്.ഇദ്ധേഹത്തിന്റെ അടുത്ത സുഹൃത്തായിരുന്ന മടപ്പള്ളിയിലെ വി.കുഞ്ഞോട്ടി ഇൻസ്പെക്ടർ.ഇദ്ധേഹം ഫിഷറീസ് വകുപ്പിൽ കോഴിക്കോട്ട് ഇൻസ്പെക്ടർ ആയിരിക്കെ സി.കെ.ജി ഇൻസ്പെക്ടറുടെ വീട്ടിൽ നിത്യസ്ദർശകനായിരുന്നു.എം.എൽ.എ ആകുന്ന– തിനുമുമ്പ് തന്നെ സി.കെ.ജി മടപ്പള്ളി എലിമെന്ററി സ്കൂൾ ഹൈസ്കൂൾ ആയി ഉയർത്തികിട്ടുന്നതിനു വേണ്ടി മദ്രാസ് ഗവൺമെന്റിൽ നിരന്തരം സമ്മർദം ചലുത്തിയിരുന്നു.

1957–ൽ അധികാരത്തിലേറിയ കമ്മ്യൂണിസ്റ്റ് മന്തിസഭക്കെതിരെ വിദ്യാർത്ഥികൾ 'ഒരണ'സമരമെന്ന വിമോനസമരം നടത്തിയതും മന്ത്രസഭയെ കേന്ദ്ര ഗവൺമെന്റ് പിരിചച് വിട്ടതും ഈ അവസരത്തിൽ ഓർക്കുന്നത് നന്ന്.ഇന്നത്തെപോലെ അന്നും റിഫ്രഷർ കോഴ്സുകൾനടത്താറുണ്ടായിരുന്നു,എന്നത് രേഖകളിൽ കാണാം . 1947 ഏപ്രിൽ മാസത്തിൽ,ഫിഷറീസ് ടെക്നോളജിയിൽ പരിസീലനം നേടിയ അധ്യാപകർക്ക് സ്കൂളിൽ വെച്ച് ഒരു റിഫ്രഷർ കോഴ്സ് നടത്തുകയുണ്ടായി.

മദ്രാസ് ഗവൺമെന്റ് അതിന്റെ ക്ഷേമപരിപാടികളുടെ ഭാഗമായി 1920 കളിൽ തന്നെ മത്സ്യഗ്രാമ– ങ്ങളിൽ മീൻചാപ്പകൾ സ്ഥാപിച്ചിരുന്നു.ഫിഷ് ''ക്യൂറിംഗ് യാർഡുകൾ '' എന്നറിയപ്പെടുന്ന മീൻചാപ്പകൾ തുടക്ക– ത്തിൽ എക്സൈസ് വകുപ്പിന്റെ കീഴിലായിരുന്നു .

സമുദായത്തിൽ നല്ല അംഗീകാരം നേടിയ ,ചെട്ടിയാംകണ്ടി കുങ്കനെ സ്കൂൾ രജിതജൂബിലി ആഘോഷക്കമ്മിറ്റിയുടെ അധ്യക്ഷനാക്കിയത് അതുകൊണ്ടുതന്നെയായിരുന്നു.ആഘോഷച്ചെലവുകൾക്കുള്ളതു– കയുടെ സിംഹഭാഗവും കമ്മിറ്റി മീൻചാപ്പലൈസൻസുകാരിൽ നിന്ന് പിരിച്ചെടുത്തു ജൂബിലി ആഘോഷത്തിൽ പങ്കെടുക്കുവാൻ അന്നത്തെ ഫിഷറീസ് ഡയറക്ടർ അബ്ബാസ് ഖലീലി ഐസിഎസ് മദ്രാസിൽ നിന്ന് മടപ്പള്ളി– യിലെത്തിയിരുന്നതുതന്നെ വലിയൊരു നേട്ടമായിരുന്നു.ഇതൊക്കെ ചില്ലറ ആത്മധൈര്യമല്ല മടപ്പള്ളിയിലെ ജനങ്ങൾക്ക് നൽകിയത്.

മടപ്പള്ളി സ്കൂളിന്റെ ചരിത്രരചനയ്ക്കാവശ്യമായ വിലപ്പെട്ട രേഖകളായി ഇപ്പോൾ പ്രധാനമായും അവശേഷി– ക്കുന്നത് അത്യന്തം ശുഷ്കാന്തിയോടെ അതാത് കാലത്തെ ഫ്ഷറീസ് അസിസ്റ്റന്റ് ഡയറക്ടർമാരും ഡപ്യൂട്ടി ഡയറക്ടർമാരും സ്കൂൾപരിശോദിച്ച് വിസിറ്റേഴ്സ് ബുക്കിൽ രേഖപ്പെടുത്തിയ പരിശോധനാറിപ്പോർട്ടുകളാണ്.

എന്നാൽ അപൂർവ്വമായ് പൂർവ്വവിദ്യാർഥികളുടെ സ്മരണകളും വിലപ്പെട്ട എഴുതപ്പെടാത്ത രേഖകളായി തീർന്നിട്ടുണ്ട് .അത്തരം ഒരു സന്ദർഭമിതാ.1939–ൽ സ്കൂളിൽ നിന്ന് ഇ.എസ്.എൽ.സി പാസായ തയ്യിൽ ലക്ഷമി സ്കൂളിലെ ടീച്ചർമാരുടെയും എട്ടാം ക്ലാസിലെ പെൺസഹപാടികളുടെയും പേരുകൾ വ്യക്തമായും ഓർക്കുന്നുണ്ട്.

1980–1981 ൽ സ്കൂൾ മടപ്പള്ളി ഫിഷറീസ് ടെക്കനിക്കൽ ഹൈസ്കൂൾ ഫോർ ബോയ്സ് ,മടപ്പള്ളി ഗവഃ ഫിഷറീസ് ടെക്കനിക്കൽ ഹൈസ്കൂൾ ഫോർ ഗേൾസ് എന്നിങ്ങനെ രണ്ടായി പിരിഞ്ഞു.കടത്തനാടിന്റെ

ആദ്യകാല ആസ്ഥാനമെന്നു കരുതുന്ന ഒഞ്ചിയം(അഞ്ച് യോഗം) ഗ്രാമത്തിലെ മടപ്പള്ളി എന്ന പ്രദേശം കേളത്തിലുടനീളം അറിയപ്പെടാൻ തുടങ്ങിയത് മടപ്പള്ളി ഗവഃ കോളേജ് സ്ഥാപിതമായതിനു ശേഷമാണ്. എങ്കിലും അതിനും എത്രയോ വർഷങ്ങൾക്ക് മുൻപ് ഈ സ്ഥലം ചരിത്രത്തിൽ സ്ഥാനംപിടിച്ചിരുന്നു എന്നത് ഈ നാടിന്റെ ചരിത്രമന്വേഷിച്ചവർ മനസ്സിലാക്കിയിട്ടുണ്ട്.

പൂർവ വിദ്യാർഥി സംഘടനയും ഇവരോടൊപ്പമുണ്ടായിരിക്കണം.അങ്ങനെ മൊത്തം ജനവിഭാഗത്തിന്റെ സ്നേഹസാന്ദ്രമായ കൂട്ടായ്മ കെട്ടിപ്പടുത്തുകൊണ്ട് നമുക്ക് മുന്നോട്ട് പോകാം.

**തയ്യാറാക്കിയത്**
**അനാമിക.ആർ(9 C)**

## അറക്കൽ ക്ഷേത്ര ഐതിഹ്യം

പഴയ ചിത്രം



നൂറ്റാണ്ടുകൾക്കപ്പുറം ഒരു സുപ്രഭാതത്തിൽ നീലേശ്വരത്തെ നാടുവാഴികളുടെ മുന്നിൽ ഒരു തൈമുകയന് ഉണ്ടായ നിയോഗത്തിൽ എനിക്കും മക്കൾക്കും ഇരിക്കാൻ ഉരിടം തരണം എന്ന് പറഞ്ഞത്രേ. ഇവിടെ നിറയെ ക്ഷേത്രങ്ങളുള്ളതിനാൽ നിങ്ങൾക്കിരിക്കാൻ ഇവിടെ ഇടമില്ലെന്നും അത്ര നിർബന്ധമാണെങ്കിൽ നീലേശ്വരം അഴിമുഖത്ത് വന്നിരുന്നോളൂ എന്നും അത്ര ശക്തിയുള്ള അമ്മയും മകളുമാണെങ്കിൽ നൂലിട്ടാൽ നൂലെത്താത്ത എടത്തൂർ അഴി കരയാക്കി മാറ്റി ഇരിക്കാമല്ലോ എന്നും പരിഹസിച്ചുവത്രേ.

"കടൽ ക്ഷോഭിച്ചു".തിരമാലകൾ ഉയർന്നു.വെള്ളപ്പൊക്കമുണ്ടായി.മണൽക്കൂമ്പരമായി അഴിമുഖംഅടഞ്ഞു. വെള്ളം കിഴക്കുഭാഗത്തേക്ക് ഒഴുകി.ജനങ്ങൾ ഭയവിഹ്വലരായി മാറി.നാടുവാഴിയുടെ പടിഞ്ഞാറ് ഭാഗം വരെ വെള്ളം കയറി.ശക്തമായ വെള്ളപ്പാച്ചിലിൽ തളിക്ഷേത്രത്തിന്റെ ചിറമതിലിന്റെ ഒരുഭാഗം തകർന്ന് ക്ഷേത്രത്തിനുതന്നെ ഭീക്ഷണിയായി.അഴി ഏഴായി മുറിയുകയും വെള്ളം പിൻവാങ്ങി അവിയുടെ മദ്യഭാഗം കരയായി തീർന്ന സ്ഥലത്ത് ക്ഷേത്രം പണിയുകയും വിധിപ്രകാരപമുള്ള പൂജാദികർമ്മങ്ങളും ഉത്സവങ്ങളും നടത്തിവരികയും ചെയ്തു.

പിൽക്കാലത്ത് കടൽ സഞ്ചാരികളായ കോട്ടികൊല്ലൻ മുസ്ലീം അമരക്കാരനായ ഒഞ്ചിയം മുകയനും കടൽ യാത്ര നടത്തുമ്പോൾ പ്രതീക്ഷിച്ചതൊന്നും നടന്നില്ല.നിരാശരായ അവർ കിഴക്കുകരയിൽ കണ്ട വെളിച്ചം ലക്ഷ്യമാക്കി തോണി കരയ്ക്കടുപ്പിച്ചു.നീലേശ്വരം തൈക്കടപ്പുറത്തെ ക്ഷേത്രത്തിൽ ഉത്സവം നടക്കുകയാണെന്ന് മനസ്സിലാക്കിയ ഒഞ്ചിയം മുകയൻ മനസറിഞ്ഞ് പ്രാർത്ഥിച്ചു.

ഒഞ്ചിയം മുകയന്റെയും കോട്ടിക്കൊല്ല മുസ്ലീമിന്റെയും സൽപ്രവർത്തിയിൽ സന്തുഷ്ടരായ അമ്മ ഭഗവതിയും മകൾ ഭഗവതിയും കിളികളുടെ രൂപത്തിൽ അവരോടൊപ്പം വരികയായിരുന്നു.തോണി കറുകച്ചാൽ തിരിഞ്ഞ് തീരത്ത് (മടപ്പള്ളി) കരയ്ക്കടുത്തപ്പോൾ ഒഞ്ചിയം മുകയന് ദർശനം ഉണ്ടാകുകയും ഇരിക്കാൻ സ്ഥലം ആവശ്യപ്പെടുകയും ചെയ്തു.കൂടെയുള്ള മസ്ലീമിനും സ്ഥലം വേണമെന്നും പറഞ്ഞു.തുടർന്ന് നാട്ടുകാർ ക്ഷേത്രത്തിനും പള്ളിക്കും കുറ്റിയടിച്ചു.എന്നാൽ അടുത്ത രാവിലെ നോക്കിയപ്പോൾ കുറ്റികൾ പരസ്പരം മാറിയതായി കണ്ടു.ഇത് ദൈവഹിതമാണെന്ന് മനസിലാക്കി നിർദിഷ്ട സ്ഥലങ്ങളിൽ മഠങ്ങളും പള്ളിയും പണിയുകയും ചെയ്തു.മടപ്പള്ളി അറക്കൽ ക്ഷേത്രത്തിന്റെ മൂലസ്ഥാനം നീലേശ്വരം തൈക്കടപ്പുറത്തെ ക്ഷേത്രമാണ്.പിന്നീട് നീലേശ്വരം പടിഞ്ഞാറ്റം കൊഴുവലിലെ ഭണ്ഡാരപ്പുരയായിരുന്ന സ്ഥാനം ക്ഷേത്രമായി പരിപാലിച്ചുവരുന്നു.

തൈക്കടപ്പുറത്തെ മൂലസ്ഥാനവും കൊഴുവലിലെ ഭണ്ഡാരപ്പുരയും പരിപാലിച്ചുവരുന്നത് മടപ്പള്ളി ശ്രീ അറക്കൽകടപ്പുറത്ത് ഭഗവതി ക്ഷേത്ര ഭരണസമിതിയാണ്.ഭഗവതിമാർ നീലേശ്വരത്ത് നടന്നു വാഴുന്നുവെന്നും മടപ്പള്ളിയിൽ ഇരുന്നുവാഴുന്നു എന്നുമാണ് ഐതിഹ്യം.



## വാഗ്ഭടാനന്ദൻ




ജനനം : 1885 ഏപ്രിൽ 25.
തൊഴിൽ : സാമൂഹിക പരിഷ്കർത്താവ്, നവോത്ഥാന നായകൻ
മരണം : 1939 ഒക്ടോബർ 29 (പ്രായം 54)

ഇരുപതാം ശതകത്തിൽ കേരളത്തിൽ ഉണ്ടായ നവോത്ഥാനത്തിൽ പങ്കുവഹിച്ച പ്രമുഖ ആത്മീയാചാര്യന്മാരിൽ ഒരാളാണ് "വാഗ്ഭടാനന്ദൻ ".കേരളമെങ്ങും മതാന്ധതയ്ക്കും അനാചാരങ്ങൾക്കുമെതിരെ വാഗ്ഭടാനന്ദൻ പ്രവർത്തിച്ചു . പൂജാദികർമങ്ങളും മന്ത്രവാദവുമെല്ലാം അർത്ഥശൂന്യങ്ങളാണെന്ന് പ്രഖ്യാപിച്ചുകൊണ്ട് വാഗ്ഭടാനന്ദ ഗുരുവും ആത്മവിദ്യാസംഘവും മതത്തിന്റെ പേരിലുള്ള എല്ലാ അനാചാരങ്ങളേയും ശക്തിയായി എതിർത്തു.

## ജീവിതരേഖ

വാഗ്ഭടാനന്ദ ഗുരു ജനിച്ചത് 1885–ൽ കണ്ണൂർ ജില്ലയിലെ പാട്യം ഗ്രാമത്തിലെ വയലേരിതറവാട്ടിലായിരുന്നു .മാതാപിതാക്കൾ :കോരൻ ഗുരുക്കൾ, ചീരു അമ്മ"വയലേരി കുഞ്ഞിക്കണ്ണൻ" എന്നതായിരുന്നു പൂർവ്വാശ്രമത്തിലെ പേര്. സംസ്കൃത പണ്ഡിതനായ അച്ഛനിൽ നിന്നും പ്രാഥമിക വിദ്യാഭ്യാസം നേടി .പാരമ്പത്ത് രൈരുനായർ, എം കോരപ്പൻ ഗുരുക്കൾ എന്നിവരിൽ നിന്ന് തർക്കത്തിലും വ്യാകരണശാസ്ത്രത്തിലും ഉപരിപഠനം.വിഗ്രഹാരാധനയും നിഷേധിച്ച വായത്തസ്വാമികളും സ്വാധീനമായി.1906–ൽ ദരിദ്രരുടെ വിജ്ഞാനസമ്പാദനത്തിനായി കോഴിക്കോട്ടെ കാരപ്പറമ്പിൽ " തത്ത്വപ്രകാശിക " എന്ന വിദ്യാലയം സ്ഥാപിച്ചു .അദ്ദേഹത്തിന്റെ ജീവിതത്തിലെ പ്രധാന വഴിത്തിരിവ് ബ്രഹ്മാനന്ദ ശിവയോഗിയുമായുള്ള കൂടിക്കാഴ്ചയായിരുന്നു. ശിവയോഗിയാണ് ' വാഗ്ഭടാനന്ദൻ 'എന്ന പേര് നൽകിയത് .1905–ൽ കോഴിക്കോട്ടെത്തിയ വി.കെ ഗുരുക്കൾ, പി സാമിക്കുട്ടി, അയ്യത്താൻ ഗോപാലൻ എന്നിവരുടെ പ്രേരണയിൽ ബ്രഹ്മസമാജ പ്രവർത്തകനായി.

1910–ൽ കോഴിക്കോട് ടൗൺഹാളിൽ ബ്രഹ്മാനന്ദ സ്വാമിയുടെ പ്രഭാഷണം കേട്ടതോടെ അദ്ദേഹത്തിന്റെ ശിഷ്യനായി മാറി . 1911 ൽ കോഴിക്കോട് കല്ലായിയിൽ രാജയോഗാനന്ദ കൗമുദി യോഗാശാല സ്ഥാപിച്ചു .തുടർന്നു മലബാറിലുടനീളം പ്രഭാഷണങ്ങൾ . ബ്രഹ്മാനന്ദസ്വാമിയാണ് " വാഗ്ഭാനന്ദൻ " എന്ന പേര് നൽകിയത്.

വിഗ്രഹാരാധയെയും അനാചാരങ്ങളെയും അദ്ദേഹം കടന്നാക്രമിച്ച കുട്ടിച്ചാത്തൻ തറയും ഗുളികൻ തറയും ഒട്ടേറെ വീടുകളിൽ നിന്ന് നീക്കി . ക്ഷേത്ര കേന്ദ്രീകൃത വിശ്വാസത്തെ തകർക്കാനായിരുന്നു ഇത് . ഇരിങ്ങണ്ണൂരിൽ വാഗ്ഭടാനന്ദന്റെ അംഗരക്ഷകനായി എത്തിയ സഹോദരൻ ചാത്തുക്കുട്ടിയെ മരത്തിൽ കെട്ടി തല്ലിക്കൊന്നു . ബ്രഹ്മാനന്ദ ശിവയോഗിയുടെ വീക്ഷണങ്ങളുമായി വിയോജിച്ചാണ് സ്വന്തം പ്രവർത്തനങ്ങൾ ആരംഭിച്ചത് .കടത്തനാട്ട് അദ്ദേഹം നടത്തിയ പോരാട്ടം ഏറ്റുമാറ്റ് പോലുള്ള അനാചാരങ്ങൾ ഇല്ലാതാക്കി. ശിഷ്യനായ മണൽത്താഴ രാമോട്ടി അവർണർക്ക് കുളിക്കാൻ പുതുപ്പണത്ത് പൊതുകുളമുണ്ടാക്കി.1931 ൽ ഈ കുളത്തിനടുത്ത് നടത്തിയ പ്രഭാഷണ പരമ്പരയോടാണ് കുട്ടിച്ചാത്തൻ കാവുകളിൽ ജന്തുബലി ഇല്ലാതായത്.

## ആത്മവിദ്യാസംഘം

1917 ൽ ഇദ്ദേഹം ' ആത്മവിദ്യാസംഘം ' സ്ഥാപിച്ചു. ജാതിവ്യവസ്ഥക്കും വിഗ്രഹാരാധനക്കുമെതിരെയുള്ള പോരാട്ടമാണ് വാഗ്ഭടാനന്ദ ഗുരുവും ആത്മവിദ്യാസംഘവും നടത്തിയത്. കറപ്പയിൽ കണാരൻ മാസ്റ്റർ ,കുന്നേത്ത് കുഞ്ഞേക്കു ഗുരുക്കൾ , പാലേരി ചന്തമ്മൻ ,വണ്ണാത്തിക്കണ്ടി കണ്ണൻ എന്നിവരായിരുന്നു ഈ പ്രസ്ഥാനത്തിന്റെ ആദ്യകാല പ്രവർത്തകർ . സാമൂഹിക പരിഷ്കരണത്തിനായി പ്രവർത്തിച്ച ഈ സംഘടനക്കെതിരെ ജന്മിമാർ ഒന്നിക്കുകയും സംഘത്തിൽ പ്രവർത്തിക്കുന്നവരുടെ മക്കളെ സ്കൂളിൽ പോലും കയറ്റാതായി. ഇതിനെതിരെയായി സംഘം 1924–ൽ കാരക്കാട്ട് ആത്മവിദ്യാസംഘം എൽ.പി.സ്കൂൾ എന്ന വിദ്യാലയമാരംഭിച്ചു.ഊരാളുങ്കൽ ഐക്യനാണയ സംഘമാണ് പിന്നീട്,ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റിയായി രൂപാന്തരപ്പെട്ടത്. ചാപ്പയിൽ കുഞ്ഞ്യേക്കു ഗുരുക്കൾ മുതൽ പതിനാലുപേർ ഒരു രൂപ ഓഹരിയെടുത്ത് ആരംഭിച്ച സംഘമാണ് ഇന്ന് ഇന്ത്യയിലെ ഏറ്റവും വലിയ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി (ULCCS). 1921 ൽ ആത്മവിദ്യാസംഘം മുഖപത്രമായി " അഭിനവ കേരളം " തുടങ്ങി.

## വാഗ്ഭടാനന്ദന്റെ ചില വരികൾ

" ഉണരുവിൻ, അഖിലേശനെ സ്മരിപ്പിൻ
ക്ഷണമെഴുന്നേൽപ്പിൻ , അനീതിയോടെതിർപ്പിൻ "
" നാലണ സൂക്ഷിക്കുന്നവൻ വേറൊരാളെ പട്ടിണിക്കിടുന്നു.
അനവധി പണം സൂക്ഷിക്കുന്നവൻ അനവധി ജനങ്ങളെ
പട്ടിണിക്കിടുന്നു".
" എവരും ബതഹരിക്കുമക്കളാണാവഴിക്ക് സഹജനങ്ങൾ
സർവരും "

## കൃതികൾ

" അഭിനവ കേരളം " " ആത്മവിദ്യാകാഹളം" " ശിവയോഗി വിലാസം "


" ഈശ്വരവിചാരം " –തുടങ്ങിയ പ്രസിദ്ധീകരണങ്ങളും അഞ്ചു ഗ്രന്ഥങ്ങളും അദ്ദേഹത്തിന്റേതായുണ്ട്.

തയ്യാറാക്കിയത്
അനാമിക.ആർ(৭ c)

# സ്കൂൾ ലോർ (School Lore)

**E P Rajagopalan**

Translated by K T Dinesh



The institutions and contexts in which people intervene spontaneously generate a wide range of original knowledge. This knowledge is called folklore. A school is not just the building in which it functions; it is the conglomeration of learners, teachers, non-teaching employees and the visible and invisible presence of the wider society that supports them. Within this conglomerate structure, numerous formal events occur. The curriculum and the method of examination will reflect the interests of those who run the school and those who are in power. Althusser enlisted the school along with religion, family, art and media among the ideological apparatus of a state. We get the same idea from Foucault who stated that a school and a jail performed the same functions - enforcing discipline and imposing punishment. The fun and games, the songs and stories, and the graffiti on the walls that punctuate the uni-dimensional execution of these formal functions together form school lore. The collection and analysis of these are a part of the study of folk lore. This has not yet begun in our country. Euro-American folklorists focus on this area too. There are some websites on school lore on the net.

The school headmaster/principal is the representative of the state. So is every teacher. Their job is to condition the children according to the interests of the state. Therefore, how far teaching is subjective and creative is a legitimate question. The task they have undertaken, the dissemination of the ideology of the state overtakes their creativity and subjectivity. However exemplary and scientific such dissemination may be, it is fundamentally an imposition (Imposition could be beneficial – but what is good will be decided by the state). Protest will, therefore, naturally be the outcome. Students who are thus imposed upon will begin to exercise their creativity. This is a form of counter discourse, major source of school lore. Children often notice the physical features of teachers and weave stories about them. They create caricatures of teachers. The idiosyncrasies of teachers also inspire such narratives. This is also the context in which nicknames for teachers originate. Sometimes the nicknames are conjured from the imagination of the students. Sometimes the teachers are assigned the names of characters from illustrated stories or films. Nonsensical words also become nicknames. These nicknames at times become more popular among students than the original names of the teachers. The nickname is sometimes added to the original name and in most cases it is added as the first name. In due course the original sign value of the nickname may vanish and it might even be used for referring to the teacher with reverence. The nicknames assigned to classmates may be comparatively less critical but more sarcastic.

The experiences in the classrooms are the main items of school lore. School lore is richer in co-educational schools. The reason is that they are more representative of society than school which admit only boys or girls. There are social contradictions in the classroom which inspire the pupils' lore about their peers. But the teacher-stories they create are sharper. Such stories are not always cynical; children record stories filled with love and respect on teachers who are close to them too. But the more popular and the more beautiful

**ones are those that recount their vices. This is because vices provide for more drama than virtues. And vices require treatment. Such stories are often anonymous. Their construction and transmission are collective efforts. If a teacher is seen at a place where he is not supposed to be, a bar for instance, it will immediately lead to the creation of a lore. In a lore that has been created out of classroom experience one can sense a softening of cynicism. But no mercy is given for a teacher's indiscretion. The teacher is severely taken to task. Without being aware of it, children seek a model in a teacher. If that image gets even slightly distorted, it leads to the creation of a narrative. Narratives are focussed more on male teachers than their female counterparts. This shows that the interventions of female teachers are quite formal.**

**Programmes in the school like sports meets, artsfest and exhibitions enrich school lore. Each of these programmes flouts the routine schedule of the school. Children generally participate in them with the enthusiasm generated by a carnival. Teachers' behaviour also changes during these days. The presence of the general public in the school on such occasions is natural. This digression leads to a different set of experiences, thereby generating more school lore. Study tours involve the participation of new places and new people. So they too generate a variety of school lore.**

**The most attractive part of school lore is graffiti, inscriptions and pictures on walls. The ideologically subversive nature of school lore is exhibited more in them than in any other form. Most of the wall exhibits tantamount to what we generally mean by obscenity. The principles behind it are protest, assertion and demonstration. Their aim is to present graphically what cannot be expressed through words. The child who writes such graffiti might have the lurking fear of being tipped off if he speaks out what he writes (each school has its own system of policing and judiciary). Hence it is displayed in writing. Interests like 'let more people come to know', the obstinacy, 'let others understand only my version' are at work behind wall writings. Some risk takers sketch pictures and words at heights from which it is difficult to rub them off. Such 'lofty inscriptions' can be seen in almost all schools. It can be discerned that their adherence to the task is quite intense.**

**Teachers also create school lore. Their powers of observation also lead to the creation of many a narrative. Though there are anecdotes on 'good' events, a major chunk of them are often about the 'bad' and the 'ugly.' The disagreements emanating out of their profession and the criticism against the activities other than teaching they indulge in are the favourite topics of such stories. All these stories are a nice mixture of reality and fantasy. The stories are born during the idling hours at the staff room. Though the majority of the stories are without any malice the contradictions related to teaching are latent in them. The characteristic features of some teachers lead to narratives which have the nature of caricatures. Yet another source of school lore is the Parents' and Teachers' Association (PTA). Peons also are subjects for school lore. Peons sometimes also create stories about teachers.**


**Akbar Kakkattil's 'Teacher Stories' represent all these categories. Vyloppilli describes an incident in his 'Kavyalokasmaranakal' ('Reminiscences of the World of Poesy'): 'It cannot be said that none of my teacher friends are envious. Once a scholar at a school told me straight on my face that it was not yet time for me to receive any amount as remuneration for my poems.' This story must be in the air at that school as school lore.**

Continuity is the reason for the dynamism of folk lore. School lore too traverses from people to people and from generation to generation. It might break the barriers of the school and reach the society at large. One, who lives within the region where the lore is in currency, cannot help remembering these informal narratives along with other things when he/she hears the name of the school. In recent times, children are not as keen in constructing school lore as they were before.. This can be attributed to a tendency to overlook schoolmates, classmates and teachers and turn themselves to the selfish structure called textbooks - examination. Lore is generated when people are looked upon as individuals. If they are seen as mere instruments, no interesting contexts will arise. The new school walls remain 'unlettered' because of this change. Earlier there were many narratives about inspecting officers like AEOs and DEOs. Such narratives have become extremely rare. This can be considered as evidence for the school becoming mechanical and for the untrammelled reign of the hegemonic ideology of the state.

Structuralism is a favourite tool of folklorists. If studied in the light of this reductionist science, school lore also limits itself to a few narrow structures – structures that can be identified in any school. But this is an approach which wipes out the variety and the interests of school lore. The right approach is to study the lore considering each school a different space and the lore a collective of characteristic resources. It is an informal, parallel history of every school. Even the architecture of a school is imprinted in it.

Translated by K T Dinesh
HSA English

E P Rajagopalan



# കവിതകൾ

## Mother



Mother you are the gift of god
Oh mom you are my guiding star
True love and care in full
Having a golden heart of love inside
Every day your support with me
Real love you are

തയ്യാറാക്കിയത്
അനുവിന്ദ്.കെ.കെ (V- A)




## Father

Father you are my role model
And you are my super hero
Thank you for giving me true love and affection
Honesty I study from you
Every day you will talk morals
Red rose you are my best friend

Amaya .A.P


## സ്നേഹം



**ഒരു സ്വപ്നം മതി**
**മനസ്സിനെ**
**സന്തോഷിപ്പിക്കാൻമ**
**ഒരു പ്രണയം മതി**
**മനസ്സിനെ വേദനിപ്പിക്കാൻ**
**എത്ര വേദനയിലും**
**ഒരു നല്ല സുഹൃത്ത് മതി**
**എല്ലാ വേദനകളും മറക്കാൻ.........**


തയ്യാറാക്കിയത് -----അമയ കെ കെ (5C)

## അമ്മ



**അമ്മയിൽ നിന്നുണരുന്ന സ്നേഹം**
**അമ്മയാണെൻ ജീവൻ**
**അമ്മയുടെ സ്നേഹത്തിൽ എൻ മനസ്സിൻ**
**ശാഖകളിൽ  നിറഞ്ഞു നിൽക്കുന്നു**
**എന്റെ ജീവന്റെ കണികയാണമ്മ**
**അമ്മയാണെന്റെ ദൈവം**
**എന്റെ അമ്മയെ ആണെനിക്കിഷ്ട്ടം**

## എന്റെ അച്ഛൻ



എനിക്ക് പ്രിയമാണെൻ അച്ഛൻ
എനിക്ക് കരുത്താണെൻ അച്ഛൻ
എനിക്ക് തണലാണെൻ അച്ഛൻ
എനിക്ക് താങ്ങാണെൻ അച്ഛൻ
ദൈവമേ സന്തോഷം നൽകേണമേ
അനുഗ്രഹം നൽകേണമേ
എന്നും എൻ അച്ഛന്

Krishnendu.R(5A)

## നന്മയുടെ പൂക്കൾ വിരിയട്ടെ



വിഷു പുലരി പുതുമയുടെ
നന്മയുമായി നമ്മളിലലിയട്ടെയെങ്കിലും
വിസ്മരിക്കാനാവാത്ത ചില
നൊമ്പരങ്ങൾ വിസർപ്പം
പോൽ ഹൃത്തിനെയും
മേനിയെയും തളർത്തും
കുടുംബ ബന്ധങ്ങളിൽ വിസ്ഫോടനം
സൃഷ്ടിക്കുന്നതിൽ വിഹരണമായി
കാണുന്ന ചിലർ വ്യക്തി ബന്ധത്തിന്റെയും
സമൂഹത്തിന്റെയും,വിലയെന്തെന്നറി -
യാതെയെല്ലാവരെയും സർവ്വ
നാശത്തിലേക്കെത്തിക്കുന്ന
വ്യാമോഹവും തിരിച്ചറിവില്ലായ്മയും
വ്യാപയത്തിലെത്തിക്കുമെന്നോർക്കാതെ
മർത്യചെയ്തികളത്രയും വാളായും
കണ്ഠം ഛേതിക്കുന്നു പാവങ്ങളുടെ
ഇനിവരും കാലമെങ്കിലും വിഷു-
ക്കണി കൊന്നപോൽ കാണും

കണ്ണിലെല്ലാം സത്യത്തിന്റെയും
സ്നേഹത്തിന്റെയും തിളക്കം
നിലനിൽക്കട്ടെ

അനഘ്യ.കെ

# ഋതുക്കൾ വരച്ചത്

ഇന്നെന്റെ ഹൃദയത്തിൽ ചാലിച്ചതെന്തവോ?
അതുമെന്റെ കൺകളിൽ ശോഭിതമാക്കി
കാലത്തിനടയാളം വെക്കുവാൻ വന്നു,ഈ
സമ്മോഹനാ ഋതു ഭേരഹങ്ങളല്ലയോ.

വസന്തമോ പൂക്കളിൽ സുന്തരം വിതറിയും
ശിശിരത്തിൽ ഇലകളോ കൊഴിഞ്ഞുവീണപ്പോൾ,
എൻ ഹൃദയമാണോ ഇലപൊഴിയുമ്പോൾ.
എൻ നാദമാണോ ഇലപൊഴിയുമ്പോൾ,

ഹേമന്തം സന്തോഷം തന്നുവെങ്കിലും,
ഗ്രീഷ്മവും കാലത്തെ വാർത്തെടുത്തു പോയി.
എന്നും സത്യവും,ശിവവും,സുന്ദരവുമായി
കാലത്തെ ഋതുക്കൾ കൈയിലേന്തി.

മനസ്സിന്റെ താവക പൂഞ്ചോലകളിൽ വരച്ച
നർമധുരമായി ഭേരഹ ഋതുക്കൾ.
ഓരോ ഋതുക്കളും ഓതുന്ന പലതുമായി
എങ്കിലും അവയെല്ലാം പൊൻവീണ മീട്ടി.
എത്ര സന്തോഷമായുമരുന്ന ഋതുക്കളിൽ
അളവിനമപ്പുറം ആനന്ദരാഗം

അനാമിക.ആർ (൯c)

# I am




*I have no dreams of follow*
*There is a hope i would*
*I have no skill do practice*
*There is a will i do*
*I will not follow a path*
*But i make sure*
*That i will make areial*
*other to follow*
*I am nothing at present but*
*There are so much an me*
*No one is waste in larth*
*Even it we call than waste*

sriya satheesh
VI-B

# **അമ്മ**




**അമ്മേ...**അമ്മയാണെന്റെ ദൈവം...
അമ്മയാണെന്റെ ദൈവം
എന്നെ നൊന്ത് പ്രസവിച്ചെന്നമ്മ
എന്നെ പാലൂട്ടിയതെന്നമ്മ
എനിക്കെന്നും സ്നേഹംതരുന്നമ്മമാത്രം
എൻ അമ്മമാത്രം..'അമ്മ മാത്രം
എന്റെ പിറന്നാൾ ദിനത്തിൽ പുത്തനുടുപ്പുകൾ വാങ്ങിച്ചുതരുന്ന 'അമ്മ
അമ്മയല്ലാതെ മറ്റാരെ സ്നേഹിക്കുമിത്ര (1 )
അമ്മയെന്ന രണ്ടക്ഷരമാണല്ലോ
നാം നാവിലാദ്യം ചൊല്ലിടുന്നത് .......
ഈ രണ്ടക്ഷരം ഒരിക്കലും മറക്കരുത്
മറക്കുകയും ഇല്ല ഞാൻ
അത്രമാത്രമാണല്ലോ 'അമ്മ നല്കിയസ്നേഹം
എന്തു വില കൊടുത്താലും
ജീവൻ പണയപ്പെടുത്തിയാലും
അമ്മയുടെസ്നേഹത്തിനത്ര വരില്ല
അത്രമാത്രമാണ് അമ്മയുടെസ്നേഹം
(അമ്മയാണെന്റെ) (1 ).

By Aleena.V.T (5C)

# Inclination

Translation: K T Dinesh



## R Ramachandran

*The twilight vanished beyond the paddy fields,*
*Through the blooming lane of Vaka trees*

*The gentle wind fluttering its wings*
*In the wild mussaenda grove on the river bank*

*The dark shade of the banyan tree longing for night*
*Slumbering unknowingly.*

*Like a sad saga lingering in the heart*
*The murky world stretches out.*

*Like a tender kannanthali flower*
*Blooming in the twilight silence*

*Like an idol on the country crossroads*
*Left unnoticed by passers-by*

*Someone in fresh glee*
*Is calling out my soul dwelling in seclusion.*

*That sweet voice is familiar to me*
*And in it submerged -*

*The dreams of the moonlit night*
*Wandering on the distant mountain crests in dismay,*

*And the pains in the eyes are obvious*
*In the depths of the cloudy sky,*

*Tears brimming in memory*
*Of a summer night of silent separation.*

*That sweet voice is familiar to me*
*As one inherits the voice.*

*My days are desolate and anxious*
*Like a deserted bower sighing*

Translated by K T Dinesh

# My feel for love

My feel for love
was the best I thought .
But it failed me
and be left me

It was he who asked
and it was he who left.
I didn't care for how he looked ,
but he always cared for my looks.

Boys think of girls are books
if the books doesn't nice looks,
then they don't bother to read
the inside that lead.

For me he was the best
from all out of the rest.
But it failed me ,
and he left me.

The words of God were ignored
and the result I Got was awkward.
It was all enough
and I felt every were a rough

I thought my thought was not wrong
that love would last long.
But it failed me ,
and he left me .

My feel for the love
was the best I thought.
But it failed me
and he left me.

Alka Ajith (9C)

# കഥകൾ

## 1. Krishna & Kuchela (True Friendship)



**K**rishna had his education and training in the 'ashram' of saintSandipani. There were many other children to learn. Among them was a poor Brahmin boy named Kuchela. Krishna had a special liking for Kuchela and they became great friends. The education was complete and Krishna and Kuchela left the 'ashram'. In course of time,Krishna became the ruler of Dwaraka,but Kuchela continued his life as a poor Brahman. He was leading a very difficult life with his wife and children. The poor Brahmin was in sorrow. One day Kuchela's wife remained him of his friendship with Krishna who was then the king of Dwaraka. She asked him to go to Krishna and seek his help. Kuchela was unwilling to go. He feared that Krishna who was king,would not remember him,who was a poor Brahmin. But Kuchela's wife assured him that Krishna would help him. Finally Kuchela agreed to go to Krishna. Kuchela had told his wife that Krishna had a special liking for beaten rice. She had a little paddy which she had begged of from the neighbours. She took it, turned it into beaten rice and tied it to the end of a piece of cloth that she was wearing. When Kuchela left, she gave the small bundle to him and asked to present it to Krishna. The moment Krishna saw Kuchela, he came down barefooted from his palace to meet his beloved friend. He embraced him, took him into the palace, seated near him and asked what he had brought for him. Kuchela hesitated, but Krishna had seen the bundle. He snatched it from Kuchela, opened the bundle, ate the rice and gave the others. The courtiers were surprised at Krishna's behaviour. Kuchela stayed happily with Krishna for four days. In the joy of meeting his old friend, Kuchela forget why he had come there. When he was returning home, he remembered that he had not asked Krishna for anything. He was in a difficult situation and wondered how he could meet his wife and children. He felt very sad. At last Kuchela reached his place, but he was confused.

He could not find his old broken hut there. Instead there stood a beautiful palace. He thought that he had lost his way. Just then his wife and children came out to meet him. They had also changed. They were wearing beautiful clothes and jewellery. Kuchela thanked Krishna. His beloved friend knew why he had come to him and helped him in time. This story has been told in the Gita as a sign of true friendship. A true friend helps his friends in need. True friendship in never affected by wealth, caste or creed. The friendship between Sri Ayyappa and Vavar, Duryodhana and Karna and Arjuna and Krishna is always a mode for everyone.

"A friend in need is a friend indeed"

By Devapriya Sumithran (5D)

## 2 പണവും മാനവും

ഫക്രുദീൻ ഒരു ദരിദ്രനായിരുന്നു . ഭിക്ഷയാചിച്ചാണ് അയാൾ ജീവിച്ചിരുന്നത് . അയാൾക്ക് വീടുണ്ടായിരുന്നില്ല .ബന്ധുക്കളുമില്ല .ഏതെങ്കിലും കടയുടെ വരാന്തയിൽ ഉറങ്ങും.ഒരു ദിവസം രാവിലെ മുതൽ ഉച്ചവരെ ഭിക്ഷയാചിച്ചുനടന്ന ഫക്രുദ്ധീന് നാല് ചെമ്പു നാണയങ്ങൾ കിട്ടി .ആ ദിവസം വല്ലാത്ത ചൂടുള്ള ദിവസമായിരുന്നു . എവിടെയങ്കിലും വിശ്രമിക്കണം അടഞ്ഞു കിടന്നിരുന്ന ഒരു കടയുടെ മുന്നിൽ ഫക്രുദീൻ കിടന്നു .അതിനടുത്തു തന്നെ ഒരു ഭക്ഷണശാലയുണ്ടായിരുന്നു . അതിന്റെ ഉടമസ്ഥൻ പീർസാദ ആയിരുന്നു അയാൾ ആട്ടിറച്ചി പാകം ചെയ്യാൻ തുടങ്ങി .പീർസാദ നല്ലൊരു പാചകക്കാരനായിരുന്നു .വെന്ത ആട്ടിറച്ചിയുടെ മണം അവിടെയാകെ പരന്നു .ഫക്രുദീനും ആ മണം കിട്ടി ,അയാൾ അത് ആസ്വദിച്ചു ."എത്ര നല്ല മണം ഞാൻ ഇത്ര നല്ല ഇറച്ചി കഴിച്ചിട്ടായില്ല ".അയാൾ ഉറക്കെ പറഞ്ഞു പോയി .പെട്ടെന്ന് പീർസാദ എവിടെയെത്തി അയാൾ ഫക്രുദീനെ നോക്കി ചോദിച്ചു ."ആ മണം ഇഷ്ടപ്പെട്ടോ ?"."പിന്നില്ലേ എന്ത് നല്ല മണം ! അത്ഭുതം തന്നെ "ഫക്രുദീൻ പറഞ്ഞു .നിങ്ങൾ അത് ആസ്വദിച്ചോ ?വളരെ വളരെയധികം "എങ്കിൽ നിങ്ങൾ അതിന്റെ വില തരണം .പീർസാദ ആവശ്യപ്പെട്ടു ."വില തരാനോ ?എന്തിന്? ഞാനതിനു ഒരു കഷ്ണം ഇറച്ചിപോലും കഴിച്ചട്ടേയില്ലല്ലോ . ഫക്രുദീൻ ചോദിച്ചു .പക്ഷെ നിങ്ങൾ അതിന്റെ മണം ആസ്വദിച്ചു . അതിനുള്ള വില കിട്ടണം .എത്ര വേണം ?ഫക്രുദീൻ ചോദിച്ചു .അഞ്ചു ചെമ്പു നാണയങ്ങൾ .ഇല്ല എന്റെ കയ്യിൽ അഞ്ചു ചെമ്പ് നാണയങ്ങൾ ഇല്ല .ഞാൻ പണം തരില്ല ഫക്രുദീൻ പറഞ്ഞു ഞാൻ ഖലീഫയോട് പരാതിപ്പെടും .അദ്ദഹം നിങ്ങളെ

ജയിലിലിടും പീർസാദ ഭീഷണിപ്പെടുത്തി .പീർസാദ ഖലീഫയുടെ കൊട്ടാരത്തിലേക്ക് നടന്നു .

ഫക്രുദീൻ ഭയന്നു "ജയിലിലാകുമോ ?" അയാൾ വിറക്കാൻതുടങ്ങി .പെട്ടെന്ന് ആ യാചകൻ മുല്ല നസ്രുദീനെ ഓർമിച്ചു .അദ്ദഹത്തിനേ എന്നെ രക്ഷിക്കാൻ കഴിയു .അയാൾ സ്വയം പറഞ്ഞു .എന്നിട്ട് മുല്ലയുടെ വീട്ടിലെത്തി വാതിലിൽമുട്ടി .മുല്ല വാതിൽ തുറന്നു വിറച്ചുകൊണ്ടിരിക്കുന്ന ഫക്രുദ്ധീനെ കണ്ടു . എന്താ എന്താണ് വിറയ്ക്കുന്നത് ? മുല്ല ചോദിച്ചു .ഫക്രുദീൻ ഉണ്ടായതെല്ലാം മുല്ലയുടെ പറഞ്ഞു .ആണിത് പറഞ്ഞു ദയവ് ചെയ്ത് എന്നെ രക്ഷിക്കണം .അങ്ങു വലിയ ബുദ്ധിമാനാണല്ലോ അങ്ങേയ്ക്കെന്നെ രക്ഷിക്കാൻ കഴിയും .സാരമില്ല ഞാൻ നിങ്ങളെ രക്ഷിക്കാം മുല്ല വാക്കുകൊടുത്തു .അപ്പോൾ അവിടെ രണ്ടു പടയാളികൾ എത്തി അവർ ഫക്രുദീനെ കൊട്ടാരത്തിലേക്ക് കൂട്ടികൊണ്ടുപോയി മുല്ല നസ്രുദീൻ പെട്ടെന്ന് വസ്ത്രം മാറി ഖലീഫയുടെ കൊട്ടാരത്തിലെത്തി കാവൽ-ക്കാർക്ക് മുല്ലയെ അറിയാം അവർ അദ്ദേഹത്തെ കടത്തിവിട്ടു .മുല്ല രാജസദസ്സിലെത്തി .അവിടെ ധാരാളം ജനങ്ങൾ ഉണ്ടായിരുന്നു .പീർദാസാ ഒരു വശത്തു നിൽക്കുന്നു .ഫക്രുദീൻ ഒരു മൂലയിലും .രണ്ട് പടയാളികൾ അയാൾക്ക് ഇരുവശവും നിൽക്കുന്നു .ഖലീഫ പ്രവേശിച്ചു .എലാവരും എഴുന്നേറ്റു നിന്നു ഖലീഫ ഇരുന്നതിനുശേഷം എലാവരും ഇരുന്നു .എന്താണ് നിങ്ങളുടെ പരാതി ?ഖലീഫ പീർദാസയോട് ചോദിച്ചു .പ്രഭോ ഇയാൾ ഞാൻ പാചകം ചെയ്ത ഇറച്ചിയുടെ മണം ആസ്വദിച്ചു .പക്ഷെ പ്രതിഫലം നൽകാൻ വിസമ്മതിക്കുന്നു പീർസാദാ തന്റെ പരാതി അറിയിച്ചു .നസ്രുദീൻ നിങ്ങൾക്ക് എന്തു തോന്നുന്നു ഖലീഫ മുല്ലയോടു ചോദിച്ചു എനിക്ക് തോന്നുന്നത് ഫക്രുദീൻ പീർസാദയ്ക്ക് പ്രതിഫലം കൊടുക്കണം എന്നാണു .പീർസാദയ്ക്ക് സന്തോഷമായി .അയാൾ ചിരിച്ചു ഫക്രുദീൻ വിഷമിച്ചു പോയി .

മുല്ല പോക്കറ്റിൽ നിന്ന് കുറച്ചു ചെമ്പു നാണയങ്ങൾ എടുത്തു എന്നിട്ടു പീർസാദയോട് പറഞ്ഞു ഇത് കേൾക്കു മുല്ല ചെമ്പുതുട്ടുകൾ ഓരോന്നായി നിലത്തിട്ടു .നാണയത്തിന്റെ ശബ്ദം കേട്ടല്ലോ .................

# 3. നല്ലവൻ



ദാമു ഒരു പാവപെട്ടവനാണ്, അദ്ദഹത്തിന് 3 മക്കളാണ് മീന,മനു,മീനു. അദ്ദഹത്തിന് സ്വന്തമായ ചായക്കട ഉണ്ടായിരുന്നു.അവിടെനിന്ന് കിട്ടുന്ന കാശ് കൊണ്ട് ദാമുവും കുടുംബവും ജീവിച്ചു.അങ്ങനെ കുട്ടികൾ വലുതായി.മീനയും മീനുവും ടീച്ചറും മനു മെക്കാനിക്കും.ഒരുദിവസം ദാമുവിന്റെ ചായക്കടയുടെ മുമ്പിൽ ഒരു അപകടം ഉണ്ടായി.നാട്ടുകാരും ദാമുവും അയാളെ എടുത്ത് ആശുപത്രിയിൽ കൊണ്ട് പോയി.ദാമു തന്റെ കൈയിലുള്ള മുഴുവൻ പണവും ചികിത്സക്ക് നൽകി.പിറ്റേന്ന് ദാമുവിന്റെ ചായക്കടയിൽ കുറെ പേർ വന്നു.അന്ന് അദ്ദേഹത്തിന് കുറെ പണം കിട്ടി മക്കളുടെ പണവും കൂട്ടി കുറെ പണം കിട്ടി അങ്ങനെ നല്ല വീട് വെച്ചു. മക്കളുടെ കല്യാണവും കഴിഞ്ഞു.വയസായി എങ്കിലും ചായക്കട ഒരിക്കലും പൂട്ടിയില്ല.അങ്ങനെ ദാമുവും കുടുംബവും സുഖമായി ജീവിച്ചു.

നിവേദിത.പി

(VB)

# 4.കൃഷിക്കാരനും അഹങ്കാരിയും

പണ്ട് പണ്ട് ഒരിടത്തു ഒരു കൊച്ചു ഗ്രാമത്തിൽ ഒരു പാവം കൃഷിക്കാരൻ താമസിച്ചിരുന്ന അയാൾ പാവപെട്ടവനാണ്.വയലിൽ നിന്ന് കിട്ടുന്ന വരുമാനം കൊണ്ട് ജീവിതം നയിക്കുന്നു.ഒരു നേരത്തെ ഭക്ഷണത്തിനു വേണ്ടി ഒരുപാട്ട് കഷ്ടപ്പെടും അങ്ങനെ അയാൾ ഒരു പട്ടണത്തിൽ എത്തി .അവിടെ അവൻ ചെറിയ വീട് പണിതു.അവന്റെ വീടിനടുത്തു ഒരു അഹങ്കാരിയായ രാജു താമസിച്ചിരുന്ന അവന് ഭാര്യയും മക്കളും ഉണ്ട്.അവൻ ധനികനുമാണ്.പണം കൊണ്ട് എല്ലാവരെയും വകവരുത്തും .ഈ കൃഷിക്കാരന് ജോലിഅവിടെ ഇല്ലാത്തതു കൊണ്ട് രാജുവിനോട് ജോലിക്ക് ചോദിച്ചു.രാജു പറഞ്ഞു"നിനക്ക് ഭാര്യയോ മകളോ ഇല്ല നീ അനാഥനാണ് നിന്നെ എന്റെ ജോലിയിൽ ഉൾപ്പെടുത്തിയാൽ എനിക്ക് പുറത്തുള്ള സൽപ്പേര് പോകും നിനക്ക് ജോലി കിട്ടുന്നതല്ല നീ പൊയ്ക്കോ .ആ പാവം കൃഷിക്കാരൻ ജോലികിട്ടാതെ അവൻ സങ്കടത്തോടെ മടങ്ങി.പോകുന്ന വഴി ഒരു വൃദ്ധയെ കണ്ടു.വൃദ്ധ അവനോട് ആവിശ്യപെട്ടു നീ എന്നെ സഹായിക്കുമോ.അവൻ പറഞ്ഞു ഞാൻ സഹായിക്കാം.ആട്ടെ എന്താ ചെയ്യണ്ടേ.നീ എന്നെ എടുത്ത വീട്ടുവരെ എത്തിച്ചാൽ മതി".ശരി അവൻ വീട്ടുവരെഎത്തിച്ചുകൊടുത്തു അവനോട് മുത്തശ്ശി പറഞ്ഞു."നിനക്ക് നല്ലതു വരും നീ പണക്കാരനാവും നിനക്ക് കുടുംബകൾ ഉണ്ടാകും നിന്നെ കളിയാക്കിയവർ അനാഥയാവും പണം ഇല്ലാതാകും" അങ്ങനെ കുറെക്കാലം കടന്നു.കൃഷിക്കാരൻ നല്ല കുടുംബം ഉണ്ടായി കൂടാതെ പണക്കാരനും ആയി.അങ്ങനെയിരിക്കെ രാജു ജോലിയാന്വേഷിച്ചു അവന്റെ അടുത്തു പോയി ജോലി തരുമോ എന്ന് ചോദിച്ചു.പണ്ട് കൃഷിക്കാരനോട് രാജു പറഞ്ഞ അതെ വാചകം തനെ ഇവിടെ ഇവൻ ഉപയോഗിച്ച്.അങ്ങനെ രാജു പശ്ചാത്താപത്താളെ മടങ്ങി

ഗുണപാഠം - അഹങ്കാരം ഒരാളെ ചീത്തയാക്കും

# 5 Permission

Once upon a time there were three bears one mother bear,father bear, and a child bear.One day mother bear make a soup.The soup was very hot.In the forest,there live a child and mother.The mother bear tell to father bear we can go out within that time the soup will be cold. That child which lived with mother her name is Goldilocks. That day she went for a outing she saw a house open she went in to the house. Nobody was there she saw the soup on the table big bowl,mediumbowl and small bowl then she tasted one by one by last. The cold one was in small bowl.She drank that full ,then for a rest ,saw chairs. Different types of chair-big,medium and small. She was comfortable in the small chair. Suddenly,the chair was broken broken. Then she saw a bedroom same like everything big,medium and small. She was comfortable in the small one she sleep. The bears came to the house,the soup had fallen down and the chair was broken. They went to bedroom ,Goldilocks was sleeping in the small bears bed. The small bear shouted. She got up and ran away and she told , I will never get into a house.

**[Moral of the story-We should always ask a permission to enter every where.]**

# 6. അറിവ്

പണ്ടൊരു ഗ്രാമത്തിൽ ഒരു പണക്കാരനുണ്ടായിരുന്നു .പക്ഷ ,അവനൊരു മണ്ടനായിരുന്നു.നാട്ടുകാരെല്ലാം പറഞ്ഞു പണമുണ്ടായിരുന്നിട്ടെന്തുകാര്യം അറിവില്ലല്ലോ . അപ്പോൾ അവൻ പറയും നിങ്ങൾക്കെല്ലാം അസൂയയാണ് കാണിക്കണ്ട പണം മതി അവൻ ഏത് സമയം നോക്കിയാലും പണത്തെ മാത്രം ചിന്തിച്ചുകൊണ്ടായിരുന്നു .പക്ഷ അവന്റ ഭാര്യയ്ക്ക് ഇതെല്ലാമറിയാമായിരുന്നു .അവൾ പറഞ്ഞാലും അവൻ കേൾക്കില്ല .അങ്ങനെ ദിവസങ്ങൾ കടന്നുപോയി .ഒരു ദിവസം അവന്റെ സ്വത്തുക്കൾ മുഴുവൻ ടൗണിൽ പോയി ഒരു ബാങ്കിൽ ഇട്ടു അവൻ വിചാരിച്ചു ഇനി പേടിക്കണ്ട എന്റെ സ്വൈത്തുക്കൾ മുഴുവൻ സുരക്ഷിതമായി .പക്ഷെ ,അവനറിയില്ലായിരുന്നു അതൊരു തട്ടിപ്പുകാരന്റെ ബാങ്കായിരുന്നു എന്ന് .ആ ബാങ്കിന്റെ മുതലാളി ആളുകൾ നിക്ഷേപിച്ച പണവുമായി കടന്നുകളഞ്ഞു .നാളുകൾക്ക് ശേഷമാണ് അവനതറിയുന്നത് കാരണം അത് എവിടെയാണെന്ന് ആർക്കും അറിയില്ലായിരുന്നു .സ്വന്തം ഭാര്യക്കുപോലും .അവസാനം അവനൊരു ദരിദ്രനായി തീർന്നു . അപ്പോൾ അവനോർത്തു അറിവില്ലാത്തതു കൊണ്ടല്ലേ ഞാൻ അങ്ങനെ ചെയ്തത് അവൻ പശ്ചാത്തപിച്ചു

അനന്യ.പി.വി
V B

# കേരളം പ്രളയനാന്തരം



കേരളത്തെ കാൽവഴുതിവീഴ്ത്തിച്ച
പ്രളയം നാം കണ്ടു
ഹൃദയങ്ങൾ വീണലിഞ്ഞദിവസങ്ങൾ
മാത്രം കണ്ടുനിൽക്കും
ചിലർ മേൽക്കൂരയിലെത്ര
ദിവസം -ഓരോമുറവിളി
കൊണ്ടതും . സൈന്യവും
വ്യോമസേനയും കേരളാപോലീസും
നമുക്കൊരു കൈത്താങ്ങായി
ദുരിതുതാശ്വാസക്യാമ്പുകളിൽ
മതമില്ല ജാതിയില്ല എല്ലാവരും
ജീവിതം വഴിമുട്ടിനിൽക്കുന്നവർ
അതോടൊപ്പം ജനങ്ങളുടെ
പ്രാർത്ഥനയും കൈത്താങ്ങും
ദുരിതാശ്വാസക്യാമ്പുകൾ
വിപണനശാലകളാകുന്നു
പ്രളയംഭിന്നിപ്പിച്ച ചില കുടുംബങ്ങൾ
അതാകും കേരളം

(ജീവിതം എന്നും എപ്പോഴും ഒരു ചരടുപോലെയാണ് എന്നത് നാം മനസിലാക്കുന്നു )

Adish T
8J

# നവകേരള സൃഷ്ട്ടിക്കായി ....



2018 ഓഗസ്റ്റ് കേരളീയരെസംബന്ധിച്ച് ദുരിതക്കയറ്റത്തിന്റെ നാളുകളായിരുന്നു . ശക്തമായ മഴയിലും കാറ്റിലും പെട്ട് കേരളമാകെ ദുരന്തമുഖമായി. ഒട്ടുമിക്ക ജില്ലകളിലും വൻനാശനഷ്ട്ടകൾ സംഭവിച്ചു . ഒരുപാട് മനുഷ്യർ ദുരിതാശ്വാസ ക്യാമ്പുകളിലും മറ്റും അഭയം തേടി . എല്ലാറ്റിനും ഉപരി മാനവികപ്രഭാവം കൊണ്ട് മലയാളികൾ തികഞ്ഞ മനുഷ്യരായി തീർന്ന നാളുകൾ കൂടിയായിരുന്നു അത് . മതം ,ജാതി,രാഷ്ട്രീയഅഭിമുഖ്യം തുടങ്ങിയ വിഭാഗീയതകൾക്കൊക്കെ അപ്പുറം നാം ഒറ്റകെട്ടായി . പ്രളയകാലത്തിൽ നിരാലംബരായി തീർന്ന മനുഷ്യർക്ക് , അടിസ്ഥാന ആവിശ്യങ്ങൾക്ക് താങ്ങും തണലുമായി പലദിക്കുകളിൽ നിന്ന് മലയാളികളുടെ ഹൃദയം ഒന്നിച്ചിടിച്ചു . സ്ക്കൂളുകളിൽ നിന്ന് പിഞ്ചുകുട്ടികൾ പോലും ഈ ഒരുമയിൽ ഭാഗമായി .

അപ്രദീക്ഷിതമായ ആപത്തു ഘട്ടത്തിൽ നിരന്തരം കലഹിച്ചുകൊണ്ടിരുന്നൊരുജ്ജനത  മനോഭാവംകൊണ്ടും ചേർന്നുനിന്നത് ലോകത്തിനു തന്നെയും മാതൃകയായി വേദനിച്ച മനുഷ്യമനസ്സുകൾ തിരിച്ചറിഞ്ഞ് ഏത് സഹായം വേണമെങ്കിലും ഹിന്ദു -മുസ്‌ലിം -ക്രിസ്ത്യൻ എന്ന വ്യത്യാസം നോക്കാതെയാണ് നമ്മൾ ഒരു കൂട്ടമായി നിന്നത്. നമ്മളെക്കാൾ അടുത്ത്  അവരെ സഹായിച്ചത് മൽസ്യത്തൊഴിലാളികളാണ്‌"സ്വന്തം ജീവൻ പോലും പണയപ്പെടുത്തി ദുരിതമനുഭവിക്കുന്ന പാവം മനുഷ്യമനസ്സുകളെ അറിഞ്ഞ് സഹായിച്ച വ്യക്തികളാണ് അവർ . ചുരുക്കത്തിൽ പ്രളയകാലം പ്രത്യാശയുടെ , മനുഷ്യത്വത്തിന്റെ അടയാളമായി എന്നെന്നും ചരിത്രത്തിൽ സ്ഥിരപ്രതിഷ്ഠനേടുന്നു .






By

AASHISH & SARIN

**8 H**

# ദിനാചരണങ്ങൾ

## പ്രവേശനോത്സവം

പ്രവേശനോത്സവം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് **ശ്രീ.ബാബു പാറശ്ശേരി** ഉദ്ഘാടനം ചെയ്തു . **DEO രാജൻ സാർ** . ULCC Edu.Director **Dr. T P സേതുമാധവൻ** എന്നിവർ പങ്കെടുത്തു . പുതുതായി ചേർന്ന കുട്ടികൾക്ക് ഊഷ്മളമായ വരവേൽപ്പാണ് നൽകിയത്.








## വായനാദിനം

വായനാദിനത്തോടനുബന്ധിച്ച് പ്രത്യേക അസംബ്ലികൂടുകയും വായനയുടെ പ്രാധാന്യത്തെക്കുറിച്ച് കുട്ടികളോട് അദ്ധ്യാപകർ ആശയങ്ങൾ പങ്കുവയ്ക്കുകയും ചില കുട്ടികൾ അവരുടെ ചില പരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു . വായനാദിനം ഉദ്ഘാടനം ചെയ്തത് പ്രശസ്തകവിയും അദ്ധ്യാപകനുമായ **ജോബിഷ്** മാസ്റ്ററാണ്. വായനയുടെ പുതിയ തലങ്ങളെക്കുറിച്ച് അദ്ദേഹം തന്റെ അനുഭവങ്ങൾ പങ്കുവയ്ക്കുകയും കഥകളിലൂടെ വായനയെക്കുറിച്ച് കൂടുതൽ ആഴത്തിൽ മനസ്സിലാക്കി തരികയും ചെയ്തു







## വായനാപക്ഷാചരണം

വായനാപക്ഷാചരണത്തിന്റെ ഭാഗമായി കവി ജിനേഷ് മടപ്പള്ളി അനുസ്മരണ പ്രഭാഷണം - നിരൂപകനും അദ്ധ്യാപകനുമായ ശ്രീ.സജയ്.കെ.വി നടത്തി.ഇതിന്റെ ഭാഗമായി ഹൈസ്കൂൾ ക്ലാസുകളിലെ കുട്ടികൾക്ക് ആവശ്യമായ പാഠഭാഗങ്ങൾ ഡോക്യൂ ഡ്രാമയായി അവതരിപ്പിച്ചു.



## ഡോക്യൂ ഡ്രാമ

സാഹിത്യ കൃതികളിലെ പ്രധാനപ്പെട്ട മുഹൂർത്തങ്ങളെ അടിസ്ഥാനമാക്കി അവതരിപ്പിച്ച ഡോക്യൂ ഡ്രാമ – ഇന്ദുലേഖ, പൂതപ്പാട്ട്,ഖസാക്കിലെ ഇതിഹാസം,രണ്ടിടങ്ങഴി,ചെമ്മീൻ,കൃഷ്ണ ഗാഥ,മാമ്പഴം,കാവ്യനർത്തകി,സ്മാരക ശിലകൾ,ആടുജീവിതം തുടങ്ങിയ രചനകളിലെ ചില മുഹൂർത്തങ്ങളാണ് കുട്ടികൾ അവതരിപ്പിച്ചത്.സ്കൂളിലെ തിയേറ്റർക്ലബ്ബിന്റെ നേതൃത്വത്തിലാണ് കഥാമുഹൂർത്തങ്ങൾ രംഗത്തവതരിപ്പിച്ചത് . സാഹിത്യ സൃഷ്ടികളേയും സാഹിത്യകാരന്മാരേയും കുട്ടികൾക്ക് അടുത്തറിയൻ ഈ രംഗാവിഷ്ക്കാരം ഏറെ സഹായിച്ചിട്ടുണ്ട്. സജീവൻ മൊകേരിയുടെ രചനയിൽ രഞ്ജിരാജ് വട്ടോളി സംവിധാനം ചെയ്ത് അവതരിപ്പിച്ച ഈ നാടകത്തിൽ ഈ സ്കൂളിലെ അൻപതോളം കുട്ടികൾ പങ്കെടുത്തു.




















## യോഗാദിനം

യോഗാദിനത്തോചനുബന്ധിച്ച് യോഗാചാര്യ: സുസ്മിത പ്രത്യേക പരിശീലനം കൊടുത്തു . SPC കുട്ടികൾ, 6,7,8 ക്ലാസുകളിലെ കലാകായിക മന്ത്രിമാരും ഈ പരിപാടിയിൽ പങ്കെടുത്തു .





## ലഹരിവിരുദ്ധദിനം

ലോകലഹരിവിരുദ്ധദിനത്തിന്റെ ഭാഗമായി ലഹരിവിരുദ്ധറാലി അഞ്ച്,എട്ട് ക്ലാസുകളിലെ കുട്ടികളെ ഉൾപ്പെടുത്തി നടത്തുകയുണ്ടായി.ഇതിന്റെ ഭാഗമായി രാജീവ് മേമുണ്ടയുടെ നേതൃത്വത്തിൽ മാജിക് പ്രദർശനം നടത്തിയിരുന്നു.എക്സൈസ് ഡിപ്പാർട്ടുമെന്റിന്റെ ഭാഗമായി ലഹരിവിരുദ്ധ ബോധവത്ക്കരണ ക്ലാസ് നടത്തി.ഇതിന്റെ ഭാഗമായി ക്വിസ് മത്സരവും നടന്നു.










## ബഷീർ അനുസ്മരണം

ബഷീർഅനുസ്മരണത്തോടനുബന്ധിച്ച് കെ.പി.ദിനേശൻ മാസ്റ്റർ ബഷീറിനെക്കുറിച്ചും അദ്ദേഹത്തിന്റെ പുസ്തകങ്ങളെക്കുറിച്ചും പ്രഭാഷണം നടത്തി.ബഷീറിനെ പുനരാവിഷ്കരിക്കുകയും അദ്ദേഹത്തിന്റെ കഥാപാത്രമായ പാത്തുമ്മയുടെ ദൃശ്യാവിഷ്കാരവും ഉണ്ടായിരുന്നു.




**ബഷീറിന്റെ  കഥാപാത്രമായ പാത്തുമ്മയുടെ ദൃശ്യാവിഷ്കാരം**

## അധ്യാപക ദിനം

**അധ്യാപക ദിനത്തിൽ കുട്ടികൾ അധ്യാപകരായപ്പോൾ**






# ക്ലബ്ബ് പ്രവർത്തനങ്ങൾ

## ജെ.ആർ.സി

1. ജെ.ആർ.സി കേഡറ്റ്സ് ആരോഗ്യം സേവനം,സൗഹൃദം എന്നീ മേഖലകളിൽ സേവനം ചെയ്തുവരുന്നു.ജൂലായിൽ 8 ലെ പുതിയ 20 ജെ.ആർ.സി കേഡറ്റ്സ് പ്രതിജ്ഞ ചൊല്ലി സേവന രംഗത്തെത്തി സ്കൂളിൽ ആകെ 50 കേഡറ്റ്സ് പ്രവർത്തിക്കുന്നുണ്ട്

9,10 ക്ലാസിലെ കേഡറ്റ്സ് കടത്തനാട് രാജാസ് ഹൈസ്കൂളിൽ വച്ച് 28-11-2018 ന് നടന്ന സെമിനാറിൽ പങ്കെടുത്തു നിപ ബാധ കാലത്ത് സേവനരംഗത്തുണ്ടായിരുന്ന പ്രശസ്ത ഡോ.അജയ് വിഷ്ണു സെമിനാർ അവതരിപ്പിച്ചു.



## ലിറ്റിൽ കൈറ്റ്സ്

കുട്ടികളെ വിവരവിനിമയസാങ്കേതികവിദ്യയിൽ പ്രാവീണ്യമുള്ളവരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ കേരള ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ(KITE) ഒൻപതാം ക്ലാസിലെ കുട്ടികൾക്കായി 2018 മുതൽ നടപ്പാക്കുന്ന പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ്. നമ്മുടെ സ്കൂളിൽ ലിറ്റിൽ കൈറ്റ്സ് പ്രവർത്തിക്കുന്നു. ഭാഷാ കംപ്യൂട്ടിങ്,ആനിമേഷൻ,ഹാർഡ്‌വെയർ,പ്രോഗ്രാമിങ്,സൈബർ സുരക്ഷയും

ഇന്റർനെറ്റും തുടങ്ങിയ മേഘലകളിലാണ് പരിശീലനം.നമ്മുടെ സ്കൂളിൽ ഈ വർഷം 40 കുട്ടികൾ ഈ പദ്ദതിയിൽ അംഗമായിട്ടുണ്ട്. ഈ സ്കൂളിലെ അധ്യാപകരായ രഞ്ജിത്ത് ലാൽ (H S A Maths) രഹന(H S A Natural Science) കൈറ്റ് മാസ്റ്ററായി പ്രവർത്തിച്ചു വരുന്നു



(2018-19 വർഷത്തെ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ )

## വിവിധ പ്രവർത്തനങ്ങൾ

- **ഏകദിന ശിൽപശാല**

2018 ജൂലായ് 7 ന് ചോമ്പാല സബ്ജില്ലയിൽ ഐ ടി കോർഡിനേറ്റർ ജയദീപ് മാസ്റ്റർ തോടന്നൂർ സബ്ജില്ല ഐ ടി കോർഡിനേറ്റർ ദിനേശൻ മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ ഒരു ഏകദിന ശിൽപശാല സംഘടിപ്പിച്ചു ശിൽപശാലയിൽ ലിറ്റിൽ കൈറ്റ്സിന്റെ പ്രാധാന്യവും വിവിധ ഹാർഡ് വെയറുകളുടെ പ്രവർത്തനവും വിഷയമാക്കി ചർച്ചകളും സെമിനാറുകളും നടന്നു.പരിശീലന പരിപാടിയിൽ 39 കുട്ടികൾ പങ്കെടുത്തു

- **വീക്കിലി ക്ലാസ്സുകൾ**

ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾക്ക് ജൂലായി 3 മുതൽ എല്ലാ ബുധനാഴ്ചകളിലും പ്രത്യേകം തയ്യാറാക്കിയ മൊഡ്യൂൾ പ്രകാരം ക്ലാസ്സുകൾ എടുത്തു വരുന്നു

## ➢ ഏകദിന ക്യാമ്പ്

**2018 ഓഗസ്റ്റ് 4 ന് ഐ ടി ക്ലബ്ബിന്റെ നേതൃത്വത്തിൽ ഏകദിന ക്യാമ്പ് നടത്തി. ആർ പി ആയ അമർജിത്ത് മാസ്റ്ററുടെ നേതൃത്വത്തിൽ നടന്ന ക്യാമ്പ് ഹെഡ്മാസ്റ്റർ പ്രഭാകരൻ മാസ്റ്റർ ഉദ്ഘാടനം ചെയ്തു.ആനിമേഷൻ,ഓഡിയോ & വീഡിയോ എഡിറ്റിംഗ് എന്നീ മേഖലകളിലായിരുന്നു പരിശീലനം**



## ➢ ഉപജില്ലാ ക്യാമ്പ്

ചോമ്പാല സബ്ബ്ജില്ലാ ക്യാമ്പ് നമ്മുടെ സ്കൂളിൽ വച്ച് സെപ്റ്റംബർ 29,30 തീയ്യതികളിൽ നടന്നു.സബ്ബ്ജില്ലയിലെ 6 സ്കൂളുകളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 38 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു. നമ്മുടെ സ്കൂളിൽ നിന്നും 8 കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.നമ്മുടെ സ്കൂളിൽ നിന്നും 8 കുട്ടികൾ(4 പേർ ആനിമേഷൻ 4 പേർ പ്രോഗ്രാമിംഗ്) തിരഞ്ഞെടുത്തു



(സബ്ബ്ജില്ലാ ക്യാമ്പിൽ ഈ സ്കൂളിൽ നിന്നും പങ്കെടുത്തവർ)

### ക്യാമ്പിലെ ചില ദൃശ്യങ്ങൾ






## ക്യാമ്പിലെ ചില ദൃശ്യങ്ങൾ








( 2018-19 ചോമ്പാല ഉപ ജില്ലാ ക്യാമ്പിൽ പങ്കെടുത്തവർ)

- സ്കൂൾ മാഗസീൻ & സ്കൂൾ വിക്കി

സ്കൂളിന്റെ വിവിധ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു ഡിജിറ്റൽ മാഗസീൻ ലിറ്റിൽ കൈറ്റസിന്റെ നേതൃത്വത്തിൽ തയ്യാറാക്കി വരുന്നു.അത് പോലെ സ്കൂൾ വിക്കി വെബ് പേജിലും വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്

## എസ്.പി.സി (SPC)

2018-19 വർഷത്തിൽ 9ാം ക്ലാസിൽ 44 ഉം 8ാം ക്ലാസിൽ 44 ഉം അംഗങ്ങൾ ഉണ്ട്. അങ്ങനെ ആകെ 88 അംഗങ്ങളാണ് ഈ വർഷം ഉള്ളത്. അതിൽ 44 പേർ പെൺകുട്ടികളാണ് .

പ്രവർത്തനങ്ങൾ

- സ്കൂൾ ഡിസിപ്ലിൻ
- ട്രാഫിക് ഡ്യൂട്ടി
- ബോധവൽക്കരണ പരിപാടികൾ
- ലഹരി വസ്തു നിർമാർജന യജ്ഞം പരിപാടി





(2018-19 ബാച്ച് SPC Cadets ന്റെ പരേഡ് )

## SPC സ്കൂൾ തല ക്യാമ്പ് –ചില ദൃശ്യങ്ങൾ









മയക്കുമരുന്നുപയോഗത്തിനുള്ള
സാഹചര്യങ്ങൾ
SPC

## ➢ ബോധവൽക്കരണ നാടകം

ജനമൈത്രി പോലീസിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ച ലഹരിവിരുദ്ധ ബോധവൽക്കരണ നാടകം **കോഴിക്കോട് റൂറൽ എസ്.പി ജയദേവ്.ജി IPS** ഉദ്ഘാടനം ചെയ്യുന്നു






## ➢ നാടകത്തിലെ ചില ദൃശ്യങ്ങൾ





# ഹരിത സേന



(2018-19 വർഷത്തെ ഗ്രീൻ അമ്പാസിഡർമാർ)

സേവിന്റെ നേതൃത്വത്തിൽ,ജില്ലാ ഭരണകൂടത്തിന്റെ ശുചിത്വസാക്ഷരതയുടെ ഭാഗമായി സീറോ വെയ്സ്റ്റ് പദ്ധ- തി പ്രകാരം സ്കൂളിൽ ഗ്രീൻ അമ്പാസിഡർമാരെ തിരഞ്ഞെടുത്തു.ഓരോ ക്ലാസ്സിൽ നിന്നും ഓരോ വിദ്യാർഥി എന്ന രീതിയിൽ 37 ഗ്രീൻ അമ്പാസിഡർമാരാണ് ഉള്ളത്.പ്ലാസ്റ്റിക് വെയ്സ്റ്റ് വേർതിരിച്ച് റിക്കവറി ഫെസിലിറ്റേഷൻ സെന്ററിയിലേക്കുമാറ്റുക.ജൈവവസ്തുക്കൾ സ്കൂൾ കോമ്പൗണ്ടിൽ സംസ്കരിക്കുന്നതിന് സ്കൂൾ ഒരുക്കുന്ന സംവിദാനത്തിലേക്ക് മാറ്റുക എന്നീ പ്രവർത്തനങ്ങളുടെ ചുമതല ഇവർക്കാണ്.

## ➢ വ്യത്യസ്തത പുലർത്തി ഇംഗ്ലീഷ് ക്ലബ്ബ്

Georgia യിലെ യൂണിവേഴ്സിറ്റിയലെ ഇംഗ്ലീഷ് പ്രൊഫസർ Mr. DAVID AKHVLEDIANI ഇംഗ്ലീഷ് ക്ലബ്ബിന്റെ ഉദ്ഘാടനം ഓൺലൈനിൽ നിർവഹിക്കുന്നു







# വിവിധ പദ്ധതികൾ

## MAPLE

Madappally school's Academic project for learning and Empowerment [MAPLE] എന്ന ULCC യുടെ നേതൃത്വത്തിൽ ഈ സ്കൂളിൽ നടപ്പിലാക്കിവരുന്ന അധ്യാപകർക്കുള്ള ട്രെയനിങ് ,കുട്ടികൾക്കും രക്ഷതാക്കൾക്കും കൗൺസിലിങ് ക്ലാസുകൾ , കരിയർ ഗൈഡൻസ്, യോഗ , ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ് , ഗണിതം,ഇംഗ്ലീഷ്,പ്രത്യേക പരിശീലനം,മത്സര പരീക്ഷളിൽ പരിഷീലനം,Waste management, IT lab വിപുലീകരണം തുടങ്ങി വിവിധങ്ങളായ പരിപാടികളാണ് MAPLE ന്റെ ഭാഗീഗമായി ഈ സ്കൂളിൽ നടത്തി വരുന്നത്.

## ഈ വർഷം നടത്തിയ പരിപാടികൾ

### ➢ ഗണിത ശാസ്ത്ര പ്രതിഭാ പരിപോഷണ പരിപാടി

മത്സരപരീക്ഷയിൽ മികച്ച നിലവാരമുള്ള കുട്ടിളെ കണ്ടെത്തി അവർക്ക് ഗണിതത്തിൽ പരിശീലനം നൽകുന്ന ഒരു പരിപാടിയാണിത്.അതിനായി നവംബർ മാസത്തിൽഒരു അഭിരുചി പരീക്ഷ നടത്തി.GVHSS Madappally , GGHSS Madappally യിലെ 106 കുട്ടികൾ പ്രസ്തുത പരീക്ഷയിൽ പങ്കെടുത്തു.ഈ പരീക്ഷയിൽ നിന്ന് തിരഞ്ഞെടുത്ത 80 കുട്ടികളിൽ 33 കുട്ടികൾ നമ്മുടെ സ്കൂളിലെ കുട്ടികളാണ്.ഈ പദ്ധതിയുടെ ഉദ്ഘാടനം UL Education Director Dr. T.P സേതുമാധവൻ സർ നിർവഹിച്ചു.





## ➢ ഇംഗ്ലീഷ് കോച്ചിംഗ് ക്യാമ്പ്



ജി വി എച്ച് എസ് എസ് , ജി ജി എച്ച് എസ് എസ് എന്നീ സ്കൂളുകളിലെ 9- ാം ക്ലാസ്സിലെ തിരഞ്ഞെടുത്ത കുട്ടികൾ ക്യാമ്പിൽ പങ്കെടുത്തു.

## ➢ കൗൺസിലിംഗ് ക്ലാസ്




ലോക പ്രശസ്തയും ഏറ്റവും പ്രായം കുറഞ്ഞ ആന്റി ഡ്രാഗ് ആക്ടിവിസ്റ്റും ആയ ആനി റിബു ജോഷി G V H S S , G G H S S Madappally എന്നീ സ്കൂളുകളിലെ 8 മുതൽ12ാംക്ലാസുകളി-ലെ ഏകദേശം3000 ൽപരംകുട്ടി-കൾക്ക് കൗൺസിലിംഗ് ക്ലാസ് എത്തു.

## ➢ മട്ടുപ്പാവിലെ പച്ചക്കറി കൃഷി " കനി "

സ്കൂൾ ടെറസ്സിൽ ഒരു പച്ചക്കറിത്തോട്ടം " കനി "എന്ന പേരിൽ ഒരു പരിപാടി ഒഞ്ചിയം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ഉദ്ഘാടനം ചെയ്യുന്നു.










## ➢ ഇംഗ്ലീഷ് പഠന ക്യാമ്പ് – " TELL"

ഇംഗ്ലീഷ് ഭാഷയിൽ കുട്ടികളെ പ്രാവീണ്യമുള്ളവരാക്കി U P വിഭാഗം കുട്ടികൾക്കായി ''TELL'' എന്ന് പറയുന്ന ക്യാമ്പ് സംഘടിപ്പിച്ചു.








## ➢ മലയാള തിളക്കം

മലയാളത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി കളികളിലൂടെയും കവിതകളിലൂടെയും മുൻനിരയിൽ എത്തിക്കാൻ നടത്തിവരുന്ന പദ്ധതി.

## ➢ ശ്രദ്ധ

8ാം ക്ലാസിലെ മലയാളം,ഗണിതം,ഇംഗ്ലീഷ് എന്നിവയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്ന പരിപാടി.

## സ്കൂൾ ബാന്റ് ടീം



## കുട്ടികൾക്കായി കരാട്ടെ പരിശീലനം









## ഭൗതിക സൗകര്യങ്ങൾ

അഞ്ച് ഏക്കർ ഭൂമിയിലാണ് വിദ്യാലയം സ്ഥിതി ചെയ്യുന്നത്. ഹൈസ്കൂളിൽ 3 കെട്ടിടങ്ങളിലായി 37 ക്ലാസ് മുറികളും ഒരു ലൈബ്രറിയും വായനാമുറിയും ഒരു സമാർട്ട് റൂമും അത്യാധുനിക സംനവിധാനങ്ങളോടുകൂടിയ സയൻസ് ലാബും ഐ.ടി ലാബും ഉണ്ട് . ഹയർ സെക്കണ്ടറിക്ക് 10 ക്ലാസ് മുറികളും വൊക്കേഷണല് ഹയര് സെക്കന്ററിക്ക് 4 ക്ലാസ് മുറികളും വർക്ക് ഷെഡുകളുമുണ്ട്. അതിവിശാലമായ ഒരു കളിസ്ഥലം വിദ്യാലയത്തിനുണ്ട്.

ഹൈസ്കൂളിനും ഹയർസെക്കണ്ടറിക്കും വൊക്കേഷണല് ഹയർ സെക്കന്ററിക്കും വെവ്വേറെ കമ്പ്യൂട്ടർ ലാബുകളുണ്ട്. എല്ലാ ലാബുകളിലുമായി ഏകദേശം അമ്പതിലധികം കമ്പ്യൂട്ടറുകളുണ്ട്. രണ്ട് ലാബുകളിലും ബ്രോഡ്ബാന്റ് ഇന്റർനെറ്റ് , എഡ്യുസാറ്റ് സൗകര്യങ്ങൾ ലഭ്യമാണ്.

- **സ്മമാർട്ട് ക്ളാസ് റൂം**





## ➤ നൂതന സൗകര്യങ്ങളോടു കൂടിയ സയൻസ് ലാബ്










## ➤ സമാർട്ട് റൂം



# നേട്ടങ്ങൾ

## സബ്ജില്ല ഗണിത ശാസ്ത്രമേള

ഈ അധ്യയന വർഷം നടന്ന ചോമ്പാല സബ്ജില്ല ഗണിത ശാസ്ത്ര മേളയിൽ ഹൈസ്കൂൾ വിഭാഗത്തിൽ നമ്മുടെ സ്കൂൾ ഓവറോൾ ചാമ്പ്യന്മാരായി.

മേളയിൽ പങ്കെടുത്ത് A ഗ്രേഡും 1,2 സ്ഥാനം നേടിയവർ

1) ആദർശ് സി (10E) –ഗണിത ക്വിസ് (ഒന്നാം സ്ഥാനം )
2)യദുകൃഷ്ണ പി പി (10A) –ജ്യോമട്രിക്കൽ കൺസ്ട്രക്ഷൻ
3)അഭിജിത്ത് വി പി (10a) –വർക്കിംഗ് മേഡൽ
4)അമൽ കെ കെ – ഗെയിം
5)ആഷിൻ സി –അദർ ചാർട്ട്
6)യദുകൃഷ്ണ വി –അപ്ലൈഡ് കൺസ്ട്രക്ഷൻ
7)ജിഷ്ണ പി കെ –സിംഗർ പ്രേജക്ട്
8 ആദിത്യൻ എൻ –പ്യൂയർ കമ്സ്ട്രക്ഷൻ
9)ഹ്രിദുൽ കെ കെ –സ്റ്റിൽ മോഡൽ
10)രാഹുൽ വി –ഗ്രൂപ്പ് പ്രോജക്ട്
11)ആദർശ് സി –ഗ്രൂപ്പ് പ്രോജക്ട്

## ജില്ലാ ഗണിത ശാസ്ത്ര മേള

ജില്ലാ ഗണിത ശാസ്ത്രമേളയിൽ 42 പോയിന്റ് നേടി ജില്ലയിൽ 7ാംസ്ഥാനം നേടുകയും ഗവൺമെന്റ് സ്കൂളുകളിൽ 1ാം സ്ഥാനവും നേടി.

ജില്ലാ ശാസ്ത്രമേളയിൽ പങ്കെടുത്ത് മികച്ച വിജയം കരസ്ഥമാക്കിയവർ

1) യദു കൃഷ്ണ വി –അപ്ലൈഡ് കൺസ്ട്രക്ഷൻ
2) യദുകൃഷ്ണ പി പി –ജ്യോമട്രിക്കൽ ചാർട്ട് ( A ഗ്രേഡ്)
3)അഭിജിത്ത് വി പി –വർക്കിംഗ് മോഡൽ (A ഗ്രേഡ് )
4)അമൽ കെ കെ –ഗയിം (A ഗ്രേഡ്)
8) ആഷിൻ സി –അദർ ചാർട്ട് (A ഗ്രേഡ് )
9)ജിഷ്ണ പി കെ –സിംഗർ പ്രോജക്ട് (A ഗ്രേഡ്)
10)ഹ്രിദുൽ കെ കെ –സ്റ്റിൽ മോഡൽ (A ഗ്രേഡ്)



(ഹ്രിദുൽ കെ കെ –സ്റ്റിൽ മോഡൽ A ഗ്രേഡ്)

## സബ്ജില്ല സാമൂഹ്യ ശാസ്ത്ര മേള

ചോമ്പാല സബ്ജില്ല സാമൂഹ്യ ശാസ്ത്ര മേളയിൽ ഈ സ്കൂളിലെ കുട്ടികൾ മികച്ച നിലവാരം പുലർത്തി .

വിജയികൾ

1) സായി ചലഞ്ച് ലാൽ & ആഷ്‌ലി ജോയൽ ബാബു –ക്വിസ് 1 (A ഗ്രേഡ്)
2) പാർവ്വതി ഡി –അറ്റ്ലസ് മേക്കിംഗ് 1 (A ഗ്രേഡ്)
3) പ്രണവ് കൃഷ്ണ & നീരജ് കൃഷ്ണ –സ്റ്റിൽ മോഡൽ 2 (A ഗ്രേഡ്)
4) അനാമിക –ലോക്കൽ ഹിസ്റ്ററി (4ാം സ്ഥാനം)

## ജില്ലാ സാമൂഹ്യ ശാസ്ത്ര മേള

സായിചലഞ്ചലാൽ & ആഷ്‌ലി ജോയൽ ബാബു ഇവർ സാമൂഹ്യശാസ്ത്ര ക്വിസിൽ ജില്ലയിൽ 5ാം സ്ഥാനവും,അറ്റ്ലസ് മേക്കിംഗിൽ അനാമിക ബാബു 5ാം സ്ഥാനവും കരസ്ഥമാക്കി




(കോഴിക്കോടി റവന്യൂ ജില്ലാ സാമൂഹ്യ ശാസ്ത്ര മേളയിൽ സ്റ്റിൽ മോഡലിൽ പ്രണവ് കൃഷ്ണ & നീരജ് )

## ഐ.ടി മേള

- ഉപജില്ലാ ഐടി മേള

മേളയിൽ മലയാളം ടൈപ്പിങ്ങ് , മൾട്ടിമീഡിയ പ്രസന്റേഷൻ ഡിജിറ്റൽ പെയിന്റിംഗ് എന്നീ വിഭാഗങ്ങളിൽ കുട്ടികളെ പങ്കെടുപ്പിച്ചു. മൾട്ടിമീഡിയ പ്രസന്റേഷനിൽ 9 ലെ ഹിതുൽ ചന്ദ്രൻ A ഗ്രേഡോടു കൂടി രണ്ടാം സ്ഥാനം കരസ്ഥമാക്കി ജില്ലാ തല മത്സരത്തിലേക്ക് യോഗ്യത നേടി

- കോഴിക്കോട് റവന്യൂ ജില്ലാ ഐ ടി മേള

ഐ ടി മേളയിൽ std 9 ലെ ഹിതുൽ ചന്ദ്രൻ മൾട്ടിമീഡിയ പ്രസന്റേഷൻ വിഭാഗത്തിൽ മത്സരിച്ച B grade ഓടെ 12 ആം സ്ഥാനം ലഭിച്ചു.

## പ്രവർത്തി പരിചയ മേള

കോഴിക്കോട് ജില്ലാ പ്രവർത്തിപരിചയ മേളയിൽ അനുശ്രീ എം അഗർബത്തി മേക്കിംഗിൽ A ഗ്രേഡ് കരസ്ഥമാക്കി . ഫേബ്രിക്ക് പെയിന്റിംഗ് (വെജിറ്റബിൾ) വിഭാഗത്തിൽ തേജ രവീന്ദ്രൻ A ഗ്രഡ് കരസ്ഥമാക്കി . പനയോല ഉപയോഗിച്ചുള്ള നിർമ്മാണത്തിൽ
റോഷിദ് ദേവ് ആർ A ഗ്രേഡ് നേടി .

## സയൻസ് മേള

കോഴിക്കോട് ജില്ല ശാസ്ത്ര മേളയിൽ വർക്കിംഗ് മോഡൽ വിഭാഗത്തിൽ ദിവ്യ ഒ പി A ഗ്രഡ് , സബ്ജില്ല ശാസ്ത്രമേളയിൽ സി വി രാമൻ എസ്സേ റൈറ്റിംഗ് , റ്റാലന്റ് സേർച്ച് എന്നീ വിഭാഗങ്ങളിൽ പങ്കെടുത്ത സായിചലഞ്ച് ലാൽ, നീരജ് എന്നിവരെ ജില്ലാതലം വരെ പങ്കെടുപ്പിക്കാൻ സാധിച്ചു .

## കലോത്സവം



സംസ്ഥാന സ്കൂൾ കലോത്സവത്തിൽ നമ്മുടെ സ്കൂൾ അഭിമാനപൂർവ്വമായ നേട്ടം കൈവരിച്ചു.ഹൈസ്കൂൾ വിഭാഗം ഇംഗ്ലീഷ് പദ്യം ചൊല്ലൽ ഈ സ്കൂളിലെ 9c യിൽ പഠിക്കുന്ന ആവണി എസ് വിനു സംസ്ഥാനതലത്തിൽ ഒന്നാം സ്ഥാനവും A ഗ്രേഡും കരസ്ഥമാക്കി.

# അഭിനന്ദനങ്ങൾ ! ! !

ആവണി എസ് വിനു വിനു സ്കൂൾ നൽകിയ ഉപഹാരം





# സ്കൂൾ കലോത്സവം









# ജില്ലാതല മത്സരത്തിൽ നമ്മുടെ കുട്ടികളുടെ പ്രകടനങ്ങൾ

1) മോഹിനിയാട്ടം
2)നാടോടിനൃത്തം
3 ഭരതനാട്യം
4) വഞ്ചിപ്പാട്ട്
5)നാടകം
6) ഗ്രൂപ്പ് ഡാൻസ്




വഞ്ചിപ്പാട്ട്







ഗ്രൂപ്പ് ഡാൻസ്-A ഗ്രേഡ്







നാടകത്തിൽ പങ്കെടുത്തവർ



വഞ്ചിപ്പാട്ടിൽ പങ്കെടുത്തവർ

## കായിക മേള

ഈ വർഷത്തെ സ്കൂൾതല കായികമേള ഒക്ടോബർ മാസം 5ാം തീയ്യതി നടന്നു .UP,HS,HSS വിഭാഗങ്ങളിലായി വാശിയേറിയ മത്സരം നടന്നു .



## നേട്ടങ്ങൾ

1) ക്രിക്കറ്റൽ HS വിഭാഗത്തിൽ
മുഹമ്മദ് ഷബാഖിന് state തല selection ലഭിച്ചു

2)വോളിബോൾ,ഫുട്ബോൾ,ഖോ ഖോ,കബഡി എന്നി ഗെയിംസ് ഇനങ്ങളിൽ നമ്മുടെ സ്കൂൾ കുട്ടികൾ ജില്ലാതലത്തിൽ അർഹത നേടി.

3)ഈ വർഷം പുതുതായി ഉൾപ്പെടുത്തിയകരാട്ടെ മത്സരത്തിൽ 8 ാം ക്ലാസിലെ അഗ്നയ വി.എം സബ്ജില്ലാതലത്തിൽ ഗോൾഡും ജില്ലയിൽ സിൽവറും കരസ്ഥമാക്കി .

4)HSS വിഭാഗത്തിൽ സച്ചിൻ ദാസ് നാഷണൽ മത്സരത്തിനായി state ൽ ഗോൾഡും ശരത്ത് ശശിധരൻ സിൽവർ മെഡലും കരസ്ഥമാക്കി .

5) സംസ്ഥാന സ്കൂൾ കരാട്ടെ മത്സരത്തിൽ നമ്മുടെ സ്കൂൾ 2ാം സ്ഥാനം കരസ്ഥമാക്കി .



# കുട്ടികൾ വരച്ച ചിത്രങ്ങൾ




















ADWAITH O K(10C)


Alka Ajith (9C)

## പ്രളയം- ഒരു കൈത്താങ്ങ്

പ്രളയത്തിൽ ദുരിതമനുഭവിച്ച-വർക്കായി നമ്മുടെ സ്കൂൾ 1.5 ലക്ഷം രൂപയുടെ പുതു വസ്ത്രങ്ങൾ കോഴിക്കോട് കളക്ടർക്ക് കൈമാറി. ബഹു.എം.എൽ.എ സി.കെ നാണു പുതു വസ്ത്രങ്ങൾ കൊണ്ടുപോകുന്ന വാഹനം ഫ്ലാഗ് ഓഫ് ചെയ്തു



# നന്ദിയോടെ.............. ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ

## GVHSS MADAPPALLY

### Little KITES 2018-19

| SlNo | Adm No | NAME | class | SlNo | Adm No | NAME | class |
|---|---|---|---|---|---|---|---|
| 1 | 29778 | ABHINAND K M | 9H | 21 | 30126 | MANUMADHAV.M.K. | 9I |
| 2 | 29818 | ABHINAV .E | 9G | 22 | 29693 | MUHAMMED FINOS SHARIN | 9H |
| 3 | 30802 | ABHIRAM M | 9F | 23 | 29941 | MUHAMMED SIDHAN . C . H | 9D |
| 4 | 30124 | ADARSH. M.P. | 9I | 24 | 30088 | NANDU MANOJ P K | 9F |
| 5 | 30089 | ADHARSH K | 9G | 25 | 30112 | NERVIN . K | 9D |
| 6 | 30101 | ADISH .A.V | 9H | 26 | 29119 | PARTHIV A | 9A |
| 7 | 29921 | ADITHYARAJ . V . V | 9E | 27 | 29324 | PARTHIV P M | 9A |
| 8 | 29944 | AGNAL . K . V | 9D | 28 | 29936 | PRAJUL . V . P | 9D |
| 9 | 29905 | AKSHAY SANGEET AJAY | 9E | 29 | 29443 | SANDHESH.S | 9B |
| 10 | 30095 | ALAN .T .T | 9I | 30 | 29713 | SANJAY BABU K P | 9G |
| 11 | 29798 | ANIRUDH .D | 9I | 31 | 28993 | SAYANTH.P.S | 9F |
| 12 | 29774 | CHITHRA.C | 9A | 32 | 29385 | SAYANTH.U | 9G |
| 13 | 29783 | DEEPAK M | 9G | 33 | 30795 | SHAHIL MADHU | 9C |
| 14 | 29863 | DEVANANDHA.S | 9C | 34 | 29888 | SOORYA KIRAN . A | 9E |
| 15 | 29873 | DHARMIK K P | 9C | 35 | 28990 | SOURAV K P | 9I |
| 16 | 29892 | ELDHO SAM VARGHESE | 9D | 36 | 29819 | SREERAG R | 9H |
| 17 | 30147 | HARIDEV.M.K. | 9F | 37 | 30199 | SREYAD . K | 9H |
| 18 | 29948 | HARINANDH . K . V | 9E | 38 | 30814 | VIKAS K T | 9E |
| 19 | 29775 | HARITH .V.K | 9I | 39 | 29016 | VISHNU.T.V | 9F |
| 20 | 29846 | HITHUL CHANDRAN.P.P | 9G | 40 | 29945 | VYSAKH.V.K | 9D |

Kite Master : RENJITHLAL S
Kite Mistress : REHANA

Student Editors : ELDO SAMVARGHESE, ABHIRAM K M, HITHUL CHANDRAN , ABHIRAM.M , ADARSH M P HARINANDH K V, NERVIN K, ABHINAV E, NANDU MANOJ P K


Thank
You
shutterstock
www.shutterstock.com • 622486811